©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

## പതിനഞ്ചാം കേരള നിയമസഭ

## (FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

## ആനുകാലിക റിപ്പോർട്ട്

**(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2023)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

**2023 സെപ്റ്റംബർ 12-ാം തീയതി സമർപ്പിച്ചത്**

**(Presented on $12^{th}$ September , 2023)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2023

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

ആനുകാലിക റിപ്പോർട്ട്

(2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2023)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ
239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of
Business in the Kerala Legislative Assembly]

1065/2023.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 18 |

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2021-2023)

### ഘടന

ചെയർമാൻ :

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. ആന്റണി രാജു,
ഗതാഗത വകുപ്പുമന്ത്രി

ശ്രീ. അഹമ്മദ് ദേവർകോവിൽ,
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. മോൻസ് ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീമതി ഉമ തോമസ് .

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. ഷാജി ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി .

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2021-2023), 7-6-2021-ലെ 26-ാം നമ്പർ ബുള്ളറ്റിൻ പ്രകാരം രൂപീകൃതമായി. പ്രസ്തുത സമിതി 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 27-4-2022, 18-5-2022, 18-7-2022, 23-8-2022, 8-12-2022, 15-2-2023, 17-2-2023, 22-2-2023 എന്നീ തീയതികളിലായി 8 യോഗങ്ങളും The Kerala Finance Bill, 2022 (2022-ലെ കേരള ധനകാര്യ ബിൽ) പരിഗണനയ്ക്കായി 13-7-2022-ന് ഒരു സംയുക്ത യോഗവും ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2021 എപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന,ബിൽ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന, വിവിധ സമിതി ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 58.58% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അദ്ധ്യായം I – സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II – സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III – സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV- നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V – നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI - a) 2022-23-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ

അദ്ധ്യായം VII - സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2023 സെപ്റ്റംബർ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 12.

# 1-4-2022 മുതൽ 31-3-2023 വരെയുള്ള

# പീരിയോഡിക്കൽ റിപ്പോർട്ട്

## അദ്ധ്യായം - I

### സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

1) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് 18-5-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 27-6-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 18-7-2022-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 19-7-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3) സമിതിയുടെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 18-7-2022-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 19-7-2022-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

4) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2023-24 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് 22-2-2023-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 27-2-2023-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം - II

### സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

1) 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ 23-8-2022-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ബിൽ സംബന്ധിച്ച റിപ്പോർട്ട് 24-8-2022-ൽ സഭയിൽ സമർപ്പിക്കുകയുംചെയ്തു.

## അദ്ധ്യായം - III

### സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കളുടെ വിശദാംശങ്ങൾ

സമിതിയുടെ 18-7-2022-ലെ യോഗം കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2022-ന്റെ കരട് പരിഗണിച്ച വേളയിൽ ചട്ടങ്ങളിൽ വ്യക്തത വരുത്തണമെന്നും, വ്യക്തത വരുത്തിയ ശേഷം പ്രസ്തുത കരട് ചട്ടം പരിഗണിക്കുന്നതാണ് ഉചിതമെന്നും സമിതി അഭിപ്രായപ്പെടുകയും കരട് ചട്ടം പരിഗണിക്കുന്നത് മാറ്റിവയ്ക്കുകയും ചെയ്തു.

സമിതിയുടെ 23-8-2022-ലെ യോഗം കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾ 2022-ന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 23-8-2022-ലെ യോഗം കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾ 2022-ന്റെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 8-12-2022-ലെ യോഗം 2021-ലെ കേരള ഇൻലാന്റ് വെസ്സൽസ് (ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 602/2021), 2022-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 916/2022), 2022-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 1063/2022) എന്നിവ സാധൂകരിച്ചു.

## അദ്ധ്യായം - IV

## ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

ഇല്ല.

## അദ്ധ്യായം - V

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തു വച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തു വച്ച തീയതി |
|---|---|---|---|
| XL -തുറമുഖങ്ങൾ | 2020-21 | തുറമുഖ വകുപ്പ് (കാലതാമസപത്രിക സഹിതം) | 28-6-2022 |
| XLI -ഗതാഗതം | 2021-22 | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (കാലതാമസപത്രിക സഹിതം) | 6-12-2022 |

| | | | |
|---|---|---|---|
| XL -തുറമുഖങ്ങൾ | 2021-22 | തുറമുഖ വകുപ്പ്<br>(കാലതാമസപത്രിക സഹിതം) | 6-12-2022 |
| XV-പൊതുമരാമത്ത് | 2021-22 | പൊതുമരാമത്ത് വകുപ്പ്<br>(കാലതാമസപത്രിക സഹിതം) | 15-3-2023 |
| XLI -ഗതാഗതം | 2021-22 | ഗതാഗതം<br>(കെ.എസ്.ആർ.ടി.സി.)<br>(കാലതാമസപത്രിക സഹിതം) | 15-3-2023 |
| XLI -ഗതാഗതം | 2021-22 | ഗതാഗതം (ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്)<br>(കാലതാമസപത്രിക സഹിതം) | 15-3-2023 |

## അദ്ധ്യായം - VI

a) 2022-23-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം.

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തി യിട്ടുള്ള, മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നം. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നം. | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം. |
|---|---|---|---|
| 98 | 1-86, 90, 91, 96, 97 | 87, 88, 89, 92-95, 98 | 8 |

b) വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള കാലതാമസപത്രിക ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്

<u>ശിപാർശ</u>

5075-60-800-83 —<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ് - മറ്റുള്ളവ – മറ്റു ചെലവുകൾ – കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി</u>

കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതിയുടെ ഘട്ടം IA(പേട്ട എസ്.എൻ. ജംഗ്ഷൻ)-യുടെയും ജെ.എൽ.എൻ. സ്റ്റേഡിയം-ഇൻഫോപാർക്ക് പുതിയ മെട്രോ ലൈനിന്റെയും തയ്യാറെടുപ്പ് പ്രവൃത്തികൾക്കും ഘട്ടം I-മായി ബന്ധപ്പെട്ട പ്രാരംഭ-അനുബന്ധ പ്രവൃത്തികൾക്കും കൂടി അധിക തുക ആവശ്യമുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 432.315 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 125)

<u>സ്വീകരിച്ച നടപടി</u>

2017 മാർച്ചിലെ ഉപധനാഭ്യർത്ഥന വഴി 151 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ 41 കോടി രൂപ (ഇനം 5 & 6), GO(Ms) No.24/2017/Trans. Dated 29-3-2017 ഉത്തരവ് പ്രകാരവും ബാക്കിയുള്ള 110 കോടി രൂപ (ഇനം 1-4), GO(Ms) No.74/2017/Trans. Dated 20-9-2017 ഉത്തരവ് പ്രകാരവും കൊച്ചി മെട്രോയ്ക്ക് അനുവദിച്ചു നൽകി.

കൂടാതെ, കേന്ദ്രനികുതിക്ക് തുല്യമായ സംസ്ഥാന സർക്കാർ വിഹിതമായി 65.91 കോടി രൂപയും, എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവിലേക്കായി 116.018 കോടി രൂപയും ചേർത്ത് 181.928 കോടി രൂപ GO(Ms) No.18/2018/Trans. Dated 15-3-2018 ഉത്തരവ് പ്രകാരം കൊച്ചി മെട്രോയ്ക്ക് അനുവദിച്ചു നൽകുകയും ചെയ്തു. വായ്പ തിരിച്ചടവിലേക്ക് അനുവദിച്ച തുക ബാങ്കിലേക്ക് അടച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ഇനങ്ങളിലായി ലഭിച്ച 332.928 കോടി രൂപയും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ചെലവഴിച്ചിട്ടുണ്ട്.

(ഫ. നം. : 2483054/സി2/2018-ഗതാ, തീയതി : 12-1-2022)

(കാലതാമസപത്രിക 16-3-2022-ന് സഭയിൽ സമർപ്പിച്ചു.)

## 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

ശിപാർശ

2041-00-001-99-01-4—വാഹന നികുതികൾ- നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ - ശമ്പളം - മെഡിക്കൽ റീ - ഇംബേഴ്സ്മെന്റ്

2041-00-001-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ മിനിസ്റ്റീരിയൽ ഓഫീസർമാരുടെയും മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യത്തിനായി ഈ ശീർഷകത്തിൽ 5.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 1)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 9.2 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 8,49,085 രൂപ വിനിയോഗിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-001-99-04-1—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ- യാത്രാ ചെലവുകൾ - യാത്രാബത്ത

2041-00-001-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ഓഫീസർമാരുടെയും ജീവനക്കാരുടെയും യാത്രാബത്ത, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത, ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ ചെയർമാൻമാരായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 2)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 14.35 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 11,76,930 രൂപ വിനിയോഗിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-001-99-05-3—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ -ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്.</u>

മോട്ടോർ വാഹന വകുപ്പിലെ ടെലിഫോൺ ചെലവ് ഇനത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 3)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 14.80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 13,72,538 രൂപ വിനിയോഗിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-001-99-00-28—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണ ചെലവുകൾ - ഓഫീസ് ചെലവുകൾ - തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ.</u>

പുതിയതായി നിയമനം നല്കിയിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ അടുത്ത ബാച്ചിന്റെ ട്രെയിനിംഗിനായി ഈ ശീർഷകത്തിൽ അധികമായി 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 4)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 3.75 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയത് ചെലവാകുകയും ചെയ്തിട്ടുണ്ട്. പുതുതായി നിയമനം ലഭിച്ചിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ ട്രെയിനിംഗിനായി ജി.ഒ.(ആർ.ടി.) നം. 5053/ 2019/ ട്രാൻസ് തീയതി 2-7-2019 പ്രകാരം 35,84,000 രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-001-98-00-34-3—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫെയർ റിവിഷൻ കമ്മിറ്റി - മറ്റു ചെലവുകൾ -മറ്റിനം</u>

ഫെയർ റിവിഷൻ കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവിനങ്ങളിലേയ്ക്കായി ഈ ശീർഷകത്തിൽ അധികമായി 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 5)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 16.80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയത് വിനിയോഗിച്ചിട്ടുണ്ട്. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-001-96—<u>വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്</u>

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ

നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 27 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 6)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരുന്നത്. അധിക ധനാഭ്യർത്ഥന വഴി 25 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-102-99-04-1—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന യാത്രാ ചെലവുകൾ - യാത്രാബത്ത.</u>

2041-00-102-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ജോയിന്റ് ആർ.ടി.ഒ.-മാർ, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ എന്നിവർക്കും സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് അനൗദ്യോഗിക അംഗങ്ങൾക്കും യാത്രാബത്ത നൽകുന്നതിന് ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 7)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 12.19 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽ 7,13,508 രൂപ വിനിയോഗിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-102-99-06—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന മോട്ടോർ വാഹനങ്ങളുടെ പരിശോധന വാടക, കരം, നികുതി.</u>

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 8)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 69.80 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ഇതിൽ 49,37,270 രൂപ വിനിയോഗിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-102-99-21-2—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന മോട്ടോർ വാഹനങ്ങളുടെ പരിശോധന മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 7 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 9)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 27.84 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. ആയതിൽ 21,84,209 രൂപ വിനിയോഗിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

1065/2023.

ശിപാർശ

2041-00-102-99-45—വാഹന നികുതികൾ – മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 10)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 1.0244 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. കൂടാതെ, 30 ലക്ഷം രൂപ Additional Authorization വഴി അനുവദിച്ചു.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

3055-00-800-93—റോഡ് ഗതാഗതം - മറ്റു ചെലവുകൾ – ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ട്

ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് സബ്സിഡി നൽകുന്നതിനും ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും നഗരങ്ങളിലെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് വെറ്റ് ലീസ് വ്യവസ്ഥയിൽ ഇ-വാഹനങ്ങൾ കണ്ടെത്തുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 107)

സ്വീകരിച്ച നടപടി

2019-2020 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ശീർഷകത്തിൽ 11.97 കോടി രൂപ അനുവദിച്ചതിൽ 2,13,78,206 രൂപ ചെലവാക്കുകയും 9,83,21,794 രൂപ സറണ്ടർ ചെയ്തിട്ടുമുണ്ട്. സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 6-6-2022)

(കാലതാമസപത്രിക 28-6-2022-ന് സഭയിൽ സമർപ്പിച്ചു.)

## 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

ശിപാർശ

2041-00-001-99-04-1—വാഹന നികുതികൾ - നടത്തിപ്പും ഭരണവും -ഭരണച്ചെലവുകൾ - യാത്രാ ചെലവുകൾ - യാത്രാ ബത്ത

2041-00-001-99-01 എന്ന ശീർഷകത്തിൽ നിന്നും ശമ്പളം വാങ്ങുന്ന എല്ലാ ഓഫീസർമാരുടെയും ജീവനക്കാരുടെയും യാത്രാബത്ത, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത, ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവർ ചെയർമാൻമാരായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 1)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 14.35 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 3,17,836 രൂപ ചെലവഴിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(ഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-001-99-05-3—വാഹന നികുതികൾ- നടത്തിപ്പും ഭരണവും -ഭരണച്ചെലവുകൾ ഓഫീസ് ചെലവുകൾ -ടെലിഫോൺ ചെലവ്

മോട്ടോർ വാഹന വകുപ്പിലെ ടെലിഫോൺ ചെലവ് ഇനത്തിൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 2)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 13.32 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 11,41,560 രൂപ ചെലവഴിച്ചു. റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ച 6 ലക്ഷം രൂപയിൽ 3,99,017 രൂപ ഉപയോഗപ്പെടുത്തി.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-001-99-05-4—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ – ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചിരിക്കുന്നതിനാൽ മോട്ടോർ വാഹന നികുതി അടച്ചതിന് തെളിവായി നൽകേണ്ട ടാക്സ് ടോക്കൺ, വിവിധയിനം സേവനങ്ങൾക്ക് പൊതുജനം പണം അടയ്ക്കുമ്പോൾ നൽകുന്ന സുരക്ഷാ കോഡ് ഉൾപ്പെടുത്തിയ രസീത് എന്നിവയുടെ പ്രിന്റിംഗ് ചാർജ്ജ്, വകുപ്പിന് ആവശ്യമായ ഫർണിച്ചർ, സർവ്വീസ് പോസ്റ്റേജ് സ്റ്റാമ്പ് എന്നിവയ്ക്കുള്ള തുക തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 3)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 1.35 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 79,94,616 രൂപ ചെലവഴിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-001-99-28—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ -തൊഴിൽപരവും പ്രത്യേക സേവനങ്ങൾക്കുമുള്ള ചെലവുകൾ

പുതുതായി നിയമനം നല്കിയിട്ടുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ അടുത്ത ബാച്ചിന്റെ ട്രെയിനിംഗിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 4)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 14.75 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 7,74,380 രൂപ ചെലവഴിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-001-98-34-3—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫെയർ റിവിഷൻ കമ്മിറ്റി - മറ്റു ചെലവുകൾ - മറ്റിനം

ഫെയർ റിവിഷൻ കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടിവരുന്ന ചെലവിനങ്ങളിലേയ്ക്കായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 5)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 15.12 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 8,08,511 രൂപ ചെലവഴിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-001-96—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ്ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 6)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 14,95,51,095 രൂപ ചെലവഴിച്ചു. റീ-അപ്രോപ്രിയേഷൻ വഴി ലഭിച്ച 25,00,000 രൂപയിൽ 1,19,812 രൂപ ഉപയോഗപ്പെടുത്തി.

(ഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-102-99-04-1—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന -യാത്രാ ചെലവുകൾ - യാത്രാബത്ത.</u>

സേഫ് കേരള പ്രോജക്റ്റ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ യാത്രാബത്തകൂടി ഉൾപ്പെട്ടിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 7)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 11.5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 3,91,632 രൂപ ചെലവഴിച്ചു. ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-102-99-06—വാഹന നികുതികൾ – മോട്ടോർ വാഹനങ്ങളുടെ പരിശോധന മോട്ടോർ വാഹനങ്ങളുടെ പരിശോധന – വാടക, കരം, നികുതി.

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 8)

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 69.8 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 6,88,33,738 രൂപ ചെലവഴിച്ചു. കൂടാതെ, റീ-അപ്രോപ്രിയേഷൻ വഴി 33,92,000 രൂപ അനുവദിച്ചിട്ടുണ്ട്.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

2041-00-102-99-21-2—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന– മോട്ടോർവാഹനങ്ങളുടെ പരിശോധന– മോട്ടോർ വാഹനങ്ങൾ– സംരക്ഷണവും അറ്റകുറ്റപ്പണികളും

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 9)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 24,25,460 രൂപ ചെലവഴിച്ചു. 7,00,000 രൂപ റീ-അപ്രോപ്രിയേഷൻ വഴി അനുവദിച്ചു.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2041-00-102-99-45—<u>വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന- മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 10)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ 1.05 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. 1,00,08,821 രൂപ ചെലവഴിച്ചു. കൂടാതെ, റീ-അപ്രോപ്രിയേഷൻ വഴി 16 ലക്ഷം രൂപ അനുവദിച്ചു.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

5055-00-050-98—<u>റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മോട്ടോർ വാഹന വകുപ്പ് റോഡ് ഗതാഗതം - വാഹന പരിശോധനാകേന്ദ്രങ്ങൾ</u>

ഇന്റർനാഷണൽ ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക് കം ഡ്രൈവർ കോച്ചിംഗ് സെന്റർ എന്ന പദ്ധതിക്കും നിലവിലുള്ള വെഹിക്കിൾ ടെസ്റ്റിംഗ് സെന്ററുകളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും പുതുക്കിപ്പണിയുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 15.44 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 133)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിൽ 10,76,00,000 രൂപ അനുവദിച്ചതിൽ 1,67,95,747 രൂപ ചെലവഴിച്ചു. 9,08,04,253 രൂപ സറണ്ടർ ചെയ്തു. സമിതി ശിപാർശ ചെയ്ത തുക ആവശ്യമായി വന്നില്ല.

(റഫ. നം. : ബി3/201/2021/ഗതാ, തീയതി : 1-7-2022)

(കാലതാമസപത്രിക 20-7-2022-ന് സഭയിൽ സമർപ്പിച്ചു.)

<u>അദ്ധ്യായം - VII</u>

**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ**

2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

പി. എ. മുഹമ്മദ് റിയാസ്
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2023 സെപ്റ്റംബർ 7.

1065/2023.

**അനുബന്ധം**

## 27-4-2022 ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2022 ഏപ്രിൽ 27-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ, ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു എന്നിവരും പ്രത്യേക ക്ഷണിതാവായി ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാനും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ മറ്റ് അംഗങ്ങൾ

1. ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.
2. ശ്രീ. പ്രമോദ് നാരായൺ, "
3. ശ്രീ. കെ. പ്രേംകുമാർ, "
4. ശ്രീ. വി. ആർ. സുനിൽ കുമാർ, "

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. പി. പി. സുമോദ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീ. ടി. കെ. ജോസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഹോം ആൻഡ് വാട്ടർ റിസോഴ്സസ് ഡിപ്പാർട്ടുമെന്റ്.
2. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്.
3. ശ്രീ. അജിത് കുമാർ, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

4. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

5. ശ്രീമതി ലീമാ മാനുവൽ, അഡീഷണൽ സെക്രട്ടറി, ജലവിഭവ വകുപ്പ്.

6. ശ്രീമതി ഗിരിജ കുമാരി ജി., അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്.

7. ശ്രീ. എസ്. സാംബശിവ റാവു, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

8. ശ്രീ. ബിനോദ് കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

9. ശ്രീമതി വിജയശ്രീ കെ.എസ്., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

10. ശ്രീ. അനിൽ കുമാർ എം., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11. ശ്രീമതി ശോഭ വി. ആർ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. റെജി ജോൺ, ഡയറക്ടർ(ഫിനാൻസ്), കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

13. ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്.

14. ശ്രീ. ചന്ദ്രബാബു ആർ., എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.

15. ശ്രീ. സുഹാസ് എസ്., മാനേജിംഗ് ഡയറക്ടർ, റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്.

16. ശ്രീമതി സൈജമോൾ എൻ. ജേക്കബ്, മാനേജിംഗ് ഡയറക്ടർ, റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ്.

17. ഡോ. വിനയ് ഗോയൽ, മാനേജിംഗ് ഡയറക്ടർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്.

18. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്.

19. ശ്രീ. സിബി ജെ. പുല്ലോപ്പിള്ളിൽ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ,

റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള.

20. ശ്രീ. ആനന്ദ് ഇളമൺ, ചീഫ് ജനറൽ മാനേജർ, കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്.

21. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോ ഗ്രാഫിക് വിംഗ്, തുറമുഖ വകുപ്പ്.

22. ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചി നീയറിംഗ് ഡിപ്പാർട്ടുമെന്റ്.

23. ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ(ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്.

24. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എഞ്ചിനീയർ, കേരള സ്റ്റേറ്റ്ട്രാൻ സ്പോർട്ട് പ്രോജക്റ്റ് (കെ.എസ്.ടി.പി).

25. ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്.

26. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ജലവിഭവ വകുപ്പ്.

27. ശ്രീ. എൻ. എസ്. ഹരി നാരായണൻ, ചീഫ് എഞ്ചിനീയർ, കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

28. ശ്രീമതി കെ. ആർ. മധുമതി, ചീഫ് എഞ്ചിനീയർ(അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്.

29. ക്യാപ്റ്റൻ ഹരി അച്യുത വാര്യർ, പോർട്ട് ഓഫീസർ, ആലപ്പുഴ.

30. ശ്രീമതി ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ(കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്.

31. ശ്രീ. വിഷ്ണു ആർ. ബി. ലെയ്സൺ ഓഫീസർ, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

32. ശ്രീ. മാരിയപ്പൻ എം., ജോയിന്റ് ജനറൽ മാനേജർ(സിവിൽ ), കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്.

33. ശ്രീ. പ്രസാദ് എം., അക്കൗണ്ട്സ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

34. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്.

35. ശ്രീ. സതീഷ് എൻ., സീനിയർ ഫിനാൻസ് ഓഫീസർ(റോഡ്സ് ആൻഡ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

36. ശ്രീ. അലോഷ്യസ് ഫ്രാൻസിസ്, ഫിനാൻസ് ഓഫീസർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.

37. ശ്രീ. കൃഷ്ണകുമാർ സി. കെ., ഫിനാൻസ് ഓഫീസർ, തുറമുഖ വകുപ്പ്.

38. ശ്രീ. രാജേഷ് കെ., ഫിനാൻസ് ഓഫീസർ, കേരള ഷിപ്പിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

39. ശ്രീ. അനൂപ് കുമാർ കെ. ആർ., മാനേജർ(ടെക്നിക്കൽ), കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്.

40. ഡോ. വി. ശ്യാം പ്രകാശ്, പ്രിൻസിപ്പൽ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥന നമ്പർ IX(വാഹന നികുതികൾ), XV(പൊതുമരാമത്ത്), XL(തുറമുഖങ്ങൾ), XLI(ഗതാഗതം) എന്നിവ സംബന്ധിച്ച സൂക്ഷ്മപരിശോധനയുടെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ശിപാർശകൾ നൽകുകയും ചെയ്തു.

**ധനാഭ്യർത്ഥന നം. IX(വാഹന നികുതികൾ)**

**മോട്ടോർ വാഹന വകുപ്പ്**

**2041 – വാഹന നികുതികൾ**

2041-00-001-99-01-4—വാഹന നികുതികൾ-നടത്തിപ്പും ഭരണവും- ഭരണച്ചെലവുകൾ -ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 6.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-1—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വെള്ളക്കരയിനത്തിലുള്ള കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-2—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വൈദ്യുതി ചെലവിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-3—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ ഓഫീസ് ചെലവുകൾ -ടെലിഫോൺ ചെലവ്.

ടെലിഫോൺ ചെലവിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-4—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈനിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പോസ്റ്റേജ് തുക ഓൺലൈനായി സ്വീകരിച്ച് ചെലവ് ചെയ്യുക, തപാൽ കവറിന്റെ തുക ഉൾപ്പെടെ തപാൽ വകുപ്പിന് നൽകേണ്ട തുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ഡ്രൈവിംഗ് ലൈസൻസുകൾ സ്മാർട്ട് കാർഡുകളാക്കി മാറ്റുന്നത് സംബന്ധിച്ച പ്രൊപ്പോസലിനെക്കുറിച്ച് സമിതി ആരാഞ്ഞു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കോടതിയിൽ ഒരു കേസ് തീർപ്പാവാനുണ്ടെന്നും ആയത് പരിഹരിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്നും പല ഘട്ടങ്ങളിലായി സ്മാർട്ട് കാർഡ് അല്ലെങ്കിൽ പോളികാർബണേറ്റ് രീതിയിലുള്ള കാർഡ് തയ്യാറാക്കാൻ ഒരു ഉത്തരേന്ത്യൻ കമ്പനിക്ക് ഓർഡർ നൽകിയിരുന്നെങ്കിലും കമ്പനി മുൻപ് കൊടുത്തിരുന്ന ഓർഡർ റദ്ദ് ചെയ്തുവെന്നും അതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ സ്റ്റേ നിലനിൽക്കുകയാണെന്നും സ്റ്റേ ഒഴിവാക്കുന്നതിനുള്ള ശ്രമം നടത്തുന്നതായും മോട്ടോർ വാഹന വകുപ്പ് അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ മറുപടി നൽകി.

2041-00-001-98-34-3—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫെയർ റിവിഷൻ കമ്മിറ്റി-മറ്റു ചെലവുകൾ-മറ്റിനം.

ഗതാഗത മേഖലയിലെ നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പ്രവർത്തനത്തിന് വേണ്ടി വരുന്ന ചെലവുകൾക്കായി ഈ ശീർഷകത്തിൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-96—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനും മൊബൈൽ ആപ്പുകൾ സ്ഥാപിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-04 -1 —<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന -യാത്രാ ചെലവുകൾ - യാത്രാബത്ത.</u>

ഈ ഇനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-06 —<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന – വാടക, കരം, നികുതി.</u>

സ്വകാര്യ കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്ന സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളുടെയും ചെക്ക് പോസ്റ്റുകളുടെയും വാടകയിനത്തിൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-21-2—<u>വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ മോട്ടോർ വാഹനങ്ങളുടെയും സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-45—<u>വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന – മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.</u>

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ ഓഫീസുകളിലെയും വാഹനങ്ങളുടെയും എൻഫോഴ്സ്മെന്റ് വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 56 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്

പൊതുമരാമത്ത് വകുപ്പിന് 2059, 3054, 4059, 5054 എന്നിങ്ങനെ നാല് മേജർ ഹെഡ്ഡുകളാണുള്ളതെന്നും കഴിഞ്ഞ വർഷത്തെ ബിൽ തുകകൾ കൊടുക്കുവാനും പ്രവൃത്തികൾ പൂർത്തീകരിക്കുവാനുമാണ് കൂടുതൽ തുക ആവശ്യപ്പെടുന്നതെന്നും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

### 2059 - പൊതുമരാമത്ത്

2059-01-053—പൊതുമരാമത്ത് ഓഫീസ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.6473 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-60-053 —പൊതുമരാമത്ത് - മറ്റു കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വിൽപ്പനനികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റു സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.6518 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-053 —പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കെട്ടിടങ്ങളുടെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കും വൈദ്യുത സാമഗ്രികളുടെ സംരക്ഷണത്തിനും രാജ്ഭവൻ സജ്ജീകരിക്കലിനും തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണത്തിനും പി.ഡബ്ല്യു.ഡി. വിശ്രമമന്ദിരങ്ങളുടെ നവീകരണത്തിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 2.7047 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 3054 - റോഡുകളും പാലങ്ങളും

3054-01-001-98—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ ഓഫീസിന് കീഴിലെ മൂന്ന് സർക്കിൾ ഓഫീസുകളിലെയും എട്ട് ഡിവിഷൻ ഓഫീസുകളിലെയും വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, പി.ഒ.എൽ. ഇനത്തിലെ കുടിശ്ശിക, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി ഈ ശീർഷകത്തിൽ 36 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-99—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - പാലങ്ങൾ സാധാരണ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 7.54 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2018-ലെ പ്രളയത്തിൽ തകർന്നുപോയ പാലങ്ങളുടെ എസ്റ്റിമേറ്റായെങ്കിലും ഭരണാനുമതി ലഭിക്കാത്തതെന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ 2022 മെയ് 5-ാം തീയതി അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ കമ്മിറ്റി കൂടിയതിനുശേഷം ഭരണാനുമതി നൽകുന്നതാണെന്ന് പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

3054-03-102-98—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - പാലങ്ങൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കക്കെടുതികൾ മൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5.48 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-96—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡു പണികൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും വെള്ളപ്പൊക്കം മൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 200 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-91—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും -ഗവേഷണ ആസൂത്രണ പ്രവൃത്തികൾ

പൊതുമരാമത്ത് ഗവേഷണ ആസൂത്രണ പ്രവൃത്തികൾക്കായും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-89—റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികളുടെ പ്രായോഗികക്ഷമതാ പഠനം നടത്തുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-92-10—റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ -കേരള റോഡ് ഫണ്ട്-സംഭാവന

തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, കൊല്ലം മുതലായ നഗരവികസന പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 497.7561 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 4059 - പൊതുമരാമത്ത് മൂലധനച്ചെലവ്

4059-01-051-99-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ - വൻകിട മരാമത്തുപണികൾ

സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-98-16—പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - നീതിന്യായ നിർവ്വഹണം- വൻകിട മരാമത്തുപണികൾ

ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 98 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-97-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഇലക്ഷൻ - വൻകിട മരാമത്തുപണികൾ

VVPAT വെയർഹൗസ് നിർമ്മാണത്തിനായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 15.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-96-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തു പണികൾ.

ഭൂനികുതി വകുപ്പിലെ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 85 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-94-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സ്റ്റേറ്റ് എക്സൈസ് - വൻകിട മരാമത്തു പണികൾ.

എക്സൈസ് വകുപ്പിന്റെ വിവിധ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-92-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മീഷൻ - വൻകിട മരാമത്തുപണികൾ.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായും കോട്ടയം പി.എസ്.സി. ഓഫീസിന് സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 4.36 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-86-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്തു പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്തുപണികൾ

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും ഈ ശീർഷകത്തിൽ 27.2799 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-72 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - വില്ലേജ് ഓഫീസുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള വിവിധ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-72-16—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം- നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി - വൻകിട മരാമത്തുപണികൾ

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-71—പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - ജയിലുകളുടെ ആധുനികവൽക്കരണം

ജയിലുകളുടെ ആധുനികവൽക്കരണത്തിനായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായും ഈ ശീർഷകത്തിൽ 5.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-79 —പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ - നിർമ്മാണം -ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം

ജെൻഡർ ബഡ്ജറ്റിംഗിനോടനുബന്ധിച്ച് നടക്കുന്ന പ്രവൃത്തികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായും ഈ ശീർഷകത്തിൽ 1.19 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-80-051-78-16 —പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ - നിർമ്മാണം - സൈനിക സ്കൂൾ വൻകിട മരാമത്തുപണികൾ

സൈനിക സ്കൂൾ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5054 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്**

5054-01-337-99 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -നാഷണൽ ഹൈവേകൾ - റോഡുപണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈലൈനുകൾ നിർമ്മിക്കുന്നതിന് .

കൊല്ലം, പത്തനംതിട്ട, വയനാട്, കോഴിക്കോട്, കോട്ടയം, ഇടുക്കി ജില്ലകളിലെ നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവനറോഡുകളുടെയും നിർമ്മാണത്തിനുമായി ഈ ശീർഷകത്തിൽ 3.4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-01-337-95— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - നാഷണൽ ഹൈവേകൾ - റോഡുപണികൾ - കൊല്ലം - ആലപ്പുഴ – ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

കൊല്ലം, ആലപ്പുഴ ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾക്കായി ഈ ശീർഷകത്തിൽ 4.3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-03-337-97 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ-റോഡു പണികൾ-കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോക ബാങ്ക് സഹായിക്കുന്നത്)

ലോകബാങ്ക് സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന 5 റോഡ് വർക്കുകളും നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ചു വരുന്നതിനാലും ആയതിന്റെ ബിൽ തുകകൾ കൊടുത്തു തീർക്കുവാൻ നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പ്രധാന ജില്ലാതല റോഡുകൾ- പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 80 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-98-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മറ്റു ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-94 — <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ- ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം (പാലം)</u>

ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ സ്ഥലമേറ്റെടുക്കലിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ- പൊതുമരാമത്തു പണികൾ (പാലങ്ങൾ) വൻകിട മരാമത്തുപണികൾ</u>

ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-99-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 750 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-98-16— <u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാതകളുടെ പണികൾ-മറ്റ് ജില്ലാതല റോഡുകൾ പുതിയ പണികൾ - വൻകിട മരാമത്തുപണികൾ</u>

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-97-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാതകളുടെ പണികൾ-മറ്റ് ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും-വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനായും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-89-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാതകളുടെ പണികൾ-ശബരിമല റോഡ് പ്രോജക്ട് - വൻകിട മരാമത്തുപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 120 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-80 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് -ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം

വിവിധ ജില്ലകളുടെ എൽ.എ.ആർ. കേസുകളുടെ തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-79— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ -കൊച്ചിയിൽ സീപോർട്ട് എയർപോർട്ട് റോഡിന്റെ നിർമ്മാണം

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും HMT & NAD ഭൂമി ലഭ്യമായാൽ റീച്ച് II-ന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-101-99-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - പാലങ്ങൾ - സി.ആർ.എഫ്. പാലങ്ങൾ (സാധാരണ വിഹിതം) - വൻകിട മരാമത്തുപണികൾ

എളമരംകടവ്, അരിൽ കടവ്, കാസർഗോഡ് പാലങ്ങളുടെ പണി പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-99 — റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ റെയിൽവേ സുരക്ഷിതത്വ പണികൾ-റെയിൽവേ സുരക്ഷിതത്വപണികൾ

K-rail നിർമ്മിക്കുന്ന 27 റെയിൽവേ മേൽപ്പാലങ്ങളുടെ/അടിപ്പാതകളുടെ സ്ഥലമേറ്റെടുക്കലിനും ലെവൽക്രോസ്സിനുമായി ഈ ശീർഷകത്തിൽ 48.3129 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-337-88-16— റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ- റോഡ് പണികൾ- പ്രളയ ബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം - വൻകിട മരാമത്തുപണികൾ.

കരാറുകാരുടെ കുടിശ്ശിക നൽകുന്നതിനും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-81—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവ് - റെയിൽവേ സുരക്ഷിതത്വ പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ആർ.ബി.ഡി.സി.കെ.യുടെ മേൽനോട്ടത്തിൽ കാഞ്ഞങ്ങാട്, ഫറോക്ക്, കാരിത്താസ് എന്നീ റെയിൽവേ മേൽപ്പാലങ്ങളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XL - തുറമുഖങ്ങൾ

കേരള മാരിടൈം ബോർഡ് പദ്ധതി വിഹിതത്തിൽ അധിക തുകയൊന്നും ആവശ്യപ്പെടുന്നില്ലെന്നും പദ്ധതിയേതര ഇനത്തിൽ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനുള്ള തുകയാണ് ആവശ്യപ്പെടുന്നതെന്നും തുറമുഖ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

**3051 - തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും**

3051-02-001-99—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - പോർട്ട് ഡയറക്ടറേറ്റ്

തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട തിരുവനന്തപുരം ഓഫീസിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ഇന്ധനം, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3.4165 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-2— <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്</u>

വൈദ്യുതി ചെലവുകൾക്കായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-4 — <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് -ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ</u>

മറ്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-06 — <u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ -ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് -വാടക, കരം നികുതി</u>

മുൻ വർഷത്തെ ബഡ്ജറ്റിൽ 13 ലക്ഷം രൂപ അനുവദിച്ചതിൽ 10.67 ലക്ഷം രൂപ മാത്രം ചെലവാക്കിയിട്ട് ഈ വർഷം വീണ്ടും 15 ലക്ഷം രൂപ അധികമായി ആവശ്യപ്പെടുന്നതിനുള്ള കാരണം സമിതി ആരാഞ്ഞു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ മൂന്ന് ഓഫീസുകൾ വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും അവയുടെ വാടക ഈ വർഷം മുതൽ ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ഒരു മാസത്തെ വാടക കൊടുക്കുന്നതിന് 80,000 രൂപ വേണ്ടതായും സ്വന്തമായി സ്ഥലം അന്വേഷിക്കുന്നുണ്ടെങ്കിലും ഓഫീസിന് അനുയോജ്യമായ സ്ഥലം ലഭിച്ചിട്ടില്ലെന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമിതിയെ അറിയിച്ചു.

വാടക, കരം, നികുതി ഇനത്തിലായി ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-12 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും

സ്കോളർഷിപ്പുകൾക്കും സ്റ്റൈപ്പന്റുകൾക്കുമായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-1 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് മോട്ടോർ വാഹനങ്ങൾ -വാഹനങ്ങൾ വാങ്ങുന്നതിന്

വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ വളരെ പഴക്കം ചെന്നതും സർവ്വേ റിപ്പോർട്ട് ചെയ്യേണ്ട അവസ്ഥയിലുള്ളതുമായതിനാൽ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-2— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ -ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കാലപ്പഴക്കം ചെന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-45 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് പി.ഒ.എൽ.

പി.ഒ.എൽ. ഇനത്തിനായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-97— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - ഭരണവും നടത്തിപ്പും - സെൻട്രൽ വർക്ക്ഷോപ്പും സ്റ്റോഴ്സ് ഓർഗനൈസേഷൻ സ്ഥാപിക്കലും

തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട കൊല്ലം, ബേപ്പൂർ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ഓഫീസിലേയും തിരുവനന്തപുരം ചീഫ് മെക്കാനിക്കൽ എഞ്ചിനീയറുടെ ഓഫീസിലേയും ജീവനക്കാരുടെ ശമ്പളം, അലവൻസ്,

വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.4797 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-99 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - പോർട്ടാഫീസുകളും എസ്റ്റാബ്ലിഷ്മെന്റുകളും

തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടാഫീസർമാരുടെ ഓഫീസുകളിലേയും അവർക്ക് കീഴിലുള്ള മറ്റ് സബ് ഓഫീസുകളിലേയും ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, ഇന്ധന ചെലവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 15.6819 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-102-98 — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - അന്വേഷണവും രക്ഷാനടപടിയും

തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട കടലിലെ രക്ഷാപ്രവർത്തനങ്ങൾക്കുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവുകൾ, ഓഫീസ് ചെലവുകൾ, യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.6772 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99-01-4— തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും- ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം -ശമ്പളം-മെഡിക്കൽ റീഇംബേഴ്സ്മെന്റ്

കുടിശ്ശികയുള്ള മെഡിക്കൽ ബില്ലുകൾ മാറി നൽകുന്നതിനായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99-21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും- ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം -മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

പത്ത് വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-99-45—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും- ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം- പി.ഒ.എൽ</u>

പി.ഒ.എൽ. ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-103-97—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഡ്രെഡ്ജിംഗ് യൂണിറ്റ്</u>

തുറമുഖ വകുപ്പിൽ നിന്ന് കേരള മാരിടൈം ബോർഡിലേക്ക് മാറ്റപ്പെട്ട ഡ്രെഡ്ജിംഗ് സംബന്ധിച്ച ജോലികൾ ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, അലവൻസ്, യാത്രാചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 55.13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

ജീവനക്കാരുടെ ശമ്പളം, അലവൻസ്, ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി തുക അനുവദിക്കാതിരുന്നാൽ ബുദ്ധിമുട്ടാകുമെന്നും വകുപ്പിന് മറ്റൊരു ഫണ്ട് ഉള്ളതിനാലാകണം പദ്ധതിയേതരയിനത്തിൽ തുക അനുവദിക്കാതിരുന്നതെന്നും തുറമുഖ വകുപ്പിൽ നിന്നും മാരിടൈം ബോർഡിലേയ്ക്ക് മാറ്റപ്പെട്ട ജീവനക്കാർക്ക് സർക്കാരിൽ നിന്ന് ശമ്പളം കൊടുക്കുന്നതിനുള്ള സംവിധാനമുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

മാരിടൈം ബോർഡ് പുനഃസംഘടിപ്പിച്ചപ്പോൾ ബോർഡിൽ നിന്നുള്ള വരുമാനം അവരുടെ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയെന്നും ജനറൽ ഫണ്ട് രൂപീകരിച്ച് അതിൽ നിന്നും ശമ്പളം നൽകണമെന്നാണ് ആക്ടിൽ പറയുന്നതെന്നും വേജസിലും സാലറിയിലും അപ്രോപ്രിയേഷൻ കൺട്രോളില്ലാത്തതിനാൽ ശമ്പളം മാറുന്നതിന് തടസ്സമില്ലെന്നും സാലറിയും വേജസും മുടങ്ങില്ലെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

## 5051 – തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ്

5051-80-001-93—<u>തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - ഭരണവും നടത്തിപ്പും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ കീഴിലുള്ള ബോട്ട് ഷെൽട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ,ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണവും</u>

പ്രസ്തുത ഹെഡിൽ 180 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 5051-80-800-57 എന്ന ഹെഡ്ഡിലാണ് 25 ലക്ഷം രൂപ അനുവദിച്ചതെന്നും ഹെഡ് മാറിയതുകാരണം ഈ ഹെഡ്ഡിൽ

തുക ഒന്നും വകയിരുത്തിയിട്ടില്ലെന്നും ആയതിനാൽ 1 കോടി രൂപ അനുവദിക്കണമെന്നും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ചീഫ് ഹൈഡ്രോഗ്രാഫർ അഭ്യർത്ഥിച്ചു.

ശീർഷകം മാറി തുക വകയിരുത്തിയ വിഷയം കഴിഞ്ഞ പ്രാവശ്യവും ഉണ്ടായതാണെന്നും ആയത് വീണ്ടും ആവർത്തിക്കാനുണ്ടായ കാരണമെന്താണെന്നും സമിതി ആരാഞ്ഞു.

ആസ്ഥാന ഓഫീസിന്റെ നിർമ്മാണത്തിനുള്ള ശീർഷകത്തിലാണ് തുക മാറി വരുന്നതെന്നും കഴിഞ്ഞ തവണ കത്ത് നൽകി പ്രശ്നം പരിഹരിച്ചുവെന്നും ഈ പ്രാവശ്യവും കത്ത് നൽകിയിട്ടുള്ളതായും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ചീഫ് ഹൈഡ്രോഗ്രാഫർ മറുപടി നൽകി. പ്ലാനിംഗ് ബോർഡിൽ നിന്നാണ് തുക അനുവദിക്കുന്നതെന്നും ഈ തെറ്റ് ആവർത്തിക്കാതിരിക്കുന്നതിനായി വകുപ്പിൽ നിന്നും പ്ലാനിംഗ് ബോർഡിന് പ്രൊപ്പോസൽ നൽകുമ്പോൾ ഈ കാര്യം സൂചിപ്പിക്കണമെന്നും ധനകാര്യ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ആലപ്പുഴയിൽ പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5051-80-800-91 —ഇുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - ജനറൽ - മറ്റു ചെലവുകൾ - ഇലക്ട്രോണിക് ഉപകരണങ്ങൾ, സർവ്വേ ഉപകരണങ്ങൾ ഇവ വാങ്ങുന്നതിന്

മൾട്ടി ബീം എക്കോ സൗണ്ടറിന്റെ ഉപയോഗം എന്താണെന്നും ആയതിന്റെ വില എത്രയാണെന്നും സമിതി ആരാഞ്ഞു. തീരദേശ മണ്ണൊലിപ്പ് വന്നപ്പോൾ ആഴം കുറഞ്ഞ ഭാഗങ്ങളിലാണ് കൂടുതൽ നാശനഷ്ടങ്ങൾ ഉണ്ടായതെന്നും അത്തരം സന്ദർഭങ്ങളിൽ ഒരു മൾട്ടി ബീമായി അതിനെ പ്രതിരോധിക്കുന്ന ഒരു ഉപകരണം ആവശ്യമാണെന്നും കടൽത്തീരങ്ങളോട് ചേർന്നാണ് വകുപ്പിന്റെ എല്ലാ നിർമ്മാണ പ്രവൃത്തികളും നടക്കുന്നതെന്നും രണ്ട് കോടി രൂപയാണ് മൾട്ടി ബീം എക്കോ സൗണ്ടറിന്റെ വിലയെന്നും ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് ചീഫ് ഹൈഡ്രോഗ്രാഫർ സമിതിയെ അറിയിച്ചു.

മൾട്ടി ബീം എക്കോ സൗണ്ടർ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1.45 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

# ധനാഭ്യർത്ഥന നമ്പർ XLI -ഗതാഗതം

## സംസ്ഥാന ജലഗതാഗത വകുപ്പ്

### 3056 – ഉൾനാടൻ ജലഗതാഗതം

3056-00-001-99-05-1 —ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വെള്ളക്കരത്തിനായി ഈ ശീർഷകത്തിൽ 89,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വകുപ്പിലെ റിപ്പയർ യാർഡുകളിലേക്ക് കൂടുതൽ വൈദ്യുതി ആവശ്യമുള്ളതിനാലും താരിഫ് നിരക്ക് വർദ്ധിപ്പിച്ച സാഹചര്യത്തിലും ഈ ശീർഷകത്തിൽ 1.19 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-3—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - ടെലിഫോൺ ചെലവ്

വകുപ്പിലെ നിലവിലുള്ള കണക്ഷനുകൾ ഉൾപ്പെടെയുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 68,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-06—ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - മാനേജ്മെന്റ്- വാടക, കരം, നികുതി

വകുപ്പിലെ നെടുമുടി ഓഫീസ് വാടക കെട്ടിടത്തിലേയ്ക്ക് മാറിയതിനാൽ ആ ഇനത്തിലുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 1.15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-21 -2—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും -മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വകുപ്പിലെ മൂന്ന് വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 62,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-02-5 —<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ -വേതനം -ദിവസവേതനം</u>

പുതുതായി സർവ്വീസ് ആരംഭിക്കുന്ന ബോട്ടുകൾ താല്കാലിക ജീവനക്കാർ മുഖേന പ്രവർത്തിപ്പിക്കേണ്ടതിനാലും ദിവസവേതനനിരക്കിൽ വർദ്ധനവ് വന്നിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 1.125 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-34-3—<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ-മറ്റിനം</u>

ബോട്ടുകളുടെ ഫിറ്റ്നസ് ഫീസുകൾക്കായി ഈ ശീർഷകത്തിൽ 22 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-45 —<u>ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - പി.ഒ.എൽ.</u>

വകുപ്പിന്റെ ഇന്ധനച്ചെലവുകൾക്കും പുതുതായി സർവ്വീസ് ആരംഭിക്കുന്ന ബോട്ടുകളുടെ ഇന്ധനച്ചെലവിനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-12 —<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും അറ്റകുറ്റപ്പണികളും സംരക്ഷണവും - സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

വകുപ്പിലെ അപ്രന്റീസുകൾക്ക് സ്റ്റൈപ്പന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-19 —<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ</u>

ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്കാവശ്യമായ സ്പെയർ പാർട്സുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 32.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

ബോട്ടുകളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ്, ജി.പി.എ. ഇൻഷ്വറൻസ് എന്നിവയുടെ പ്രീമിയം അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 1.55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ**

**3075 - മറ്റു ഗതാഗത സർവ്വീസുകൾ**

3075-60-001-98-01-4 —മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് കുടിശ്ശിക നല്കുന്നതിനായി ഈ ശീർഷകത്തിൽ 2.27 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-21-2 —മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിനാൽ വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി കൂടുതൽ യാത്രകൾ ആവശ്യമായതിനാലും വാഹനത്തിന്റെ കാലപ്പഴക്കം മൂലം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലമുള്ള അധിക ചെലവിനുമായി ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-45 —മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - പി.ഒ.എൽ.

പി.ഒ.എൽ. ചെലവിനായി ഈ ശീർഷകത്തിൽ 47,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-99—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - ഭരണവും നടത്തിപ്പും - മേൽനോട്ടം - വിവരസാങ്കേതിക വിദ്യ

ഇ-ഓഫീസുകളുടെ സുഗമമായ പ്രവർത്തനത്തിനായി ഈ ശീർഷകത്തിൽ 34,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നവീകരണത്തിനും അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-800-87(01)—മറ്റു ഗതാഗത സർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിധി - ഉൾനാടൻ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിധി

ബിൽ കുടിശ്ശിക നൽകുന്നതിനായി ഈ ശീർഷകത്തിൽ 1.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കെ.എസ്.ആർ.ടി.സി.**

**5055 – റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5055-00-800-79—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

കാലപ്പഴക്കം ചെന്ന ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 5056 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5056-00-104-83 —ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-നാവിഗേഷൻ -ദേശീയ ജലപാതയിൽ ക്രോസ്സ് സ്ട്രക്ചർ നിർമ്മാണം (നബാർഡ്-ആർ.ഐ.ഡി.എഫ്)

പാലങ്ങളുടെയും കനാലുകളുടെയും ക്രോസ്സ് സ്ട്രക്ചർ നിർമ്മാണത്തിനായി നബാർഡിൽനിന്നു തുക ലഭിക്കേണ്ടതിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനു വേണ്ടി ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കൊച്ചി സംയോജിത ജലഗതാഗത പദ്ധതി**

5056-00-190-90—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി സംയോജിത ജലഗതാഗത പദ്ധതി

വാട്ടർ മെട്രോ പദ്ധതിയ്ക്കുവേണ്ടി സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട തുക, വാട്ടർ മെട്രോ പദ്ധതി IURWTS പദ്ധതിയുമായി സംയോജിപ്പിക്കുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 103.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി**

## 5075 - മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്

5075-60-190-96— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചാലുടനെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്**

5075-60-190-94(1) —മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ -കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ

തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ നടപടികൾക്കും കൺസൾട്ടൻസി ഫീസിനത്തിലും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ഭരണപരമായ ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 56.99 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്**

5075-60-190-92(01) —മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ - ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ-സിൽവർ ലൈൻ പ്രൊജക്റ്റ്

സിൽവർ ലൈൻ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞു. കേന്ദ്ര സർക്കാരിൽ നിന്നും ക്ലിയറൻസ് ലഭിച്ചിട്ടില്ലായെന്നും സർവ്വേ നടത്തുന്നവർക്കുള്ള ശമ്പളവും മറ്റ് കാര്യങ്ങൾക്കുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമാണ് തുക ആവശ്യമെന്നും കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറ്കടർ(ഫിനാൻസ്) മറുപടി നൽകി.

സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട സർവ്വേയും മറ്റ് കാര്യങ്ങളിലേയ്ക്കും കടക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭിക്കണമെന്ന് ബഹുമാനപ്പെട്ട കോടതി വ്യക്തമാക്കിയിട്ടുള്ളപ്പോൾ അനുമതി ലഭിക്കാതെ സർവ്വേ നടത്തുന്നവർക്കുള്ള ശമ്പളം കൊടുക്കുന്നത് ശരിയാണോയെന്ന് സമിതി ആരാഞ്ഞു.

Social Impact Assessment (SIA) പഠനം പൂർത്തിയാക്കുന്നതുവരെ സർവ്വേ നടത്താൻ സർക്കാർ അനുവാദം കൊടുത്തിട്ടുണ്ടെന്നും 11(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കണമെന്നാണ് കോടതി പറയുന്നതെന്നും അതിന് എൽ.എ.(ലാൻഡ് അക്വിസിഷൻ) യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ടെന്നും പ്രസ്തുത യൂണിറ്റുകൾക്കുള്ള ഭരണ സംബന്ധമായ ചെലവുകൾ (SIA പഠനം പൂർത്തിയാക്കുന്നതുവരെ) സർക്കാരാണ് വഹിക്കേണ്ടതെന്നും അതിനായി SIA ഏജൻസിയെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്നും കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ (ഫിനാൻസ്) വിശദീകരിച്ചു.

സിൽവർ ലൈൻ പ്രോജക്ടിന്റെ ഭൂമി ഏറ്റെടുക്കലിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-94 —മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ -മറ്റു ചെലവുകൾ-ഉൾനാടൻ ജലഗതാഗതം (സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും

2023 ഡിസംബറിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന കോവളം-ബേക്കൽ ജലപാതയുമായി ബന്ധപ്പെട്ട് പശ്ചിമതീര കനാലിലെ ബോട്ടുജെട്ടികളുടെ നിർമ്മാണം, ആഴംകൂട്ടൽ പ്രവൃത്തികൾ, ഉയരം കുറഞ്ഞ പാലങ്ങൾ മാറ്റി പുതിയ പാലങ്ങൾ നിർമ്മിക്കുന്ന പ്രവൃത്തികൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 142 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി**

5075-60-800-83 (01)— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി സംസ്ഥാന നികുതി തിരികെ നൽകൽ.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഘട്ടം 1എ, 1ബി എന്നിവയുടെ നികുതി തിരിച്ചടവ്, കേന്ദ്ര സർക്കാരിന്റെ അനുമതിക്കനുസൃതമായി ഘട്ടം 2- ന്റെ സംസ്ഥാന നികുതി, കേന്ദ്ര നികുതി തിരിച്ചടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 204.91 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83 (03)— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ – മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി -വായ്പാ പലിശ തിരിച്ചടവ്

വായ്പാ തിരിച്ചടവ്, പലിശ അടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 441.04 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83 (04) — മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - പ്രാവർത്തിക ധന നഷ്ടം.

കൊച്ചി മെട്രോയുടെ 2021-22 സാമ്പത്തിക വർഷത്തിലെ പ്രവർത്തന നഷ്ടം നികത്തുന്നതിനായി ഈ ശീർഷകത്തിൽ 45.68 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83 (05)— മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ് - മറ്റുള്ളവ - മറ്റു ചെലവുകൾ - കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - സജ്ജീകരണ പ്രവൃത്തികൾ

ലൈറ്റ് മെട്രോ പദ്ധതിയുടെ DPR, CMP, AAR എന്നിവ തയ്യാറാക്കുന്നതിനായും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കായും ആലുവ മുതൽ അങ്കമാലി വരെയുള്ള കൊച്ചി മെട്രോ റെയിലിന്റെ ഘട്ടം 3-ന്റെ മുന്നൊരുക്ക പ്രവൃത്തികൾക്കായും കൊച്ചി മെട്രോയുടെ ടിക്കറ്റിംഗും പാസ്സഞ്ചർ സൗകര്യങ്ങളും ആധുനികവൽക്കരിക്കുന്നതിനായും എക്സിക്യൂട്ടീവ് ഓഫീസേഴ്സിനുവേണ്ടി ഭവന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനായും ഈ ശീർഷകത്തിൽ 115 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-66—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-മറ്റു ചെലവുകൾ-കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെഞ്ചർ കമ്പനിയിലെ പദ്ധതികൾ

അങ്കമാലി-ശബരി റെയിൽ പാതയ്ക്കുള്ള സർവ്വേയെക്കുറിച്ച് സമിതി ആരാഞ്ഞു. അങ്കമാലി-ശബരി റെയിൽപാതയ്ക്ക് 3471 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി റെയിൽവെ ബോർഡിന്റെ അംഗീകാരത്തിനായി നൽകിയിരിക്കുകയാണെന്നും പദ്ധതി തുകയുടെ 50 ശതമാനം കേരള സർക്കാരും 50 ശതമാനം കേന്ദ്ര സർക്കാരുമാണ് വഹിക്കുന്നതെന്നും കേരള റെയിൽ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടർ(ഫിനാൻസ്) മറുപടി നൽകി.

അങ്കമാലി-ശബരി, തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻഗുഡ് എന്നീ റെയിൽ പദ്ധതികളുടെ സർവ്വേ നടപടികൾക്കും വിശദ റിപ്പോർട്ട് തയ്യാറാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**കെ.എസ്.ആർ.ടി.സി.**

**7055 - റോഡ് ഗതാഗതത്തിനുള്ള വായ്പകൾ**

7055-00-190-99 —റോഡ് ഗതാഗതത്തിനുള്ള വായ്പകൾ-പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളത്തിനും കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷനും നൽകുന്നതിനായി ഈ ശീർഷകത്തിൽ 1000 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**7056- ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ**

7056-00-190-98—ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ - പൊതുമേഖലക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-സംയോജിത ജലഗതാഗതപദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുള്ള വായ്പ.

വാട്ടർ മെട്രോ പദ്ധതിയ്ക്കുവേണ്ടി KfW -ൽ നിന്നും റീ-ഇംബേഴ്സ്മെന്റായി back to back basis-ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ മുഖേന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 83.76 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 4.00 മണിക്ക് യോഗം അവസാനിച്ചു.

## 18-5-2022- ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2022 മേയ് 18-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 12.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '3 എ' സമ്മേളന ഹാളിൽ യോഗം ചേരുകയും സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസ് മുഖാന്തരം പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ വീഡിയോ കോൺഫറൻസിലൂടെയും പ്രത്യേക ക്ഷണിതാവായ ബഹു. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ നേരിട്ടും യോഗത്തിൽ പങ്കെടുത്തു.

<u>ഹാജരായ അംഗം:</u>

1. ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി

2. ശ്രീമതി ഷീബാ വർഗീസ്., ഡെപ്യൂട്ടി സെക്രട്ടറി

3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

സമിതി, 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികൾ കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം 12.15 ന് യോഗം അവസാനിച്ചു.

## 13-7-2022 - ലെ യോഗനടപടിക്കുറിപ്പ്

സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V എന്നിവ സംയുക്തമായി The Kerala Finance Bill, 2022, 2022-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ പരിഗണിക്കുന്നതിനായി 2022 ജൂലൈ മാസം 13, ബുധനാഴ്ച സഭാ സമ്മേളനത്തിന് ശേഷം വൈകുന്നേരം 7.45- ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സബ്ജക്ട് കമ്മിറ്റി VIII ന്റെ അദ്ധ്യക്ഷനും ബഹു: ധനകാര്യ വകുപ്പ് മന്ത്രിയുമായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സന്നിഹിതരായിരുന്ന സമിതി അദ്ധ്യക്ഷൻമാർ/എക്സ്-ഒഫീഷ്യോ അംഗങ്ങൾ, പ്രത്യേക ക്ഷണിതാക്കൾ, മറ്റ് അംഗങ്ങൾ എന്നിവരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ,

   ബഹു. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി,

   എക്സ്-ഒഫീഷ്യോ അംഗം,

   സബ്ജക്ട് കമ്മിറ്റി VIII.

2. ശ്രീ. വി. എൻ. വാസവൻ,

ബഹു. സഹകരണ – രജിസ്ട്രേഷൻ വകുപ്പുമന്ത്രി,

എക്സ്-ഒഫീഷ്യോ അംഗം,

സബ്ജക്ട് കമ്മിറ്റി VIII.

3. ശ്രീ. കെ. രാജൻ,

ബഹു. റവന്യൂ - ഭവനനിർമ്മാണ വകുപ്പുമന്ത്രി,

അദ്ധ്യക്ഷൻ,

സബ്ജക്ട് കമ്മിറ്റി II.

4. ശ്രീ. കെ. രാധാകൃഷ്ണൻ,

ബഹു. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമ -ദേവസ്വം വകുപ്പുമന്ത്രി,

എക്സ്-ഒഫീഷ്യോ അംഗം,

സബ്ജക്ട് കമ്മിറ്റി II.

5. ശ്രീ. ആന്റണി രാജു,

ബഹു. ഗതാഗത വകുപ്പുമന്ത്രി,

എക്സ്-ഒഫീഷ്യോ അംഗം,

സബ്ജക്ട് കമ്മിറ്റി V.

6. ശ്രീ. അഹമ്മദ് ദേവർകോവിൽ,

ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി,

എക്സ്-ഒഫീഷ്യോ അംഗം,

സബ്ജക്ട് കമ്മിറ്റി V.

**ഹാജരായ അംഗങ്ങൾ:**

<u>സബ്ജക്ട് കമ്മിറ്റി VIII:</u>

1. ശ്രീ. കെ. ബാബു *(തൃപ്പൂണിത്തുറ)*
2. ഡോ. കെ. ടി. ജലീൽ
3. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. കെ. വി. സുമേഷ്
6. ശ്രീ. ഇ. കെ. വിജയൻ

<u>സബ്ജക്ട് കമ്മിറ്റി II:</u>

1. ഡോ. എൻ. ജയരാജ്
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. എം. രാജഗോപാലൻ
4. ശ്രീ. സനീഷ്കുമാർ ജോസഫ്
5. ശ്രീ. പി. വി. ശ്രീനിജിൻ

<u>സബ്ജക്ട് കമ്മിറ്റി V:</u>

1. ശ്രീ. കെ. പ്രേംകുമാർ
2. ശ്രീ. പി. പി. സുമോദ്
3. ശ്രീ. വി. ആർ. സുനിൽ കുമാർ
4. ശ്രീമതി ഉമ തോമസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

3. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

4. ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

5. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

6. ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി

7. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീ. രാജേഷ് കുമാർ സിംഗ്, അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ-നികുതി വകുപ്പുകൾ.

2. ഡോ. രത്തൻ യു. ഖേൽക്കർ, കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

3. ശ്രീ. എസ്. ശ്രീജിത്ത്, കമ്മീഷണർ, ഗതാഗത വകുപ്പ്.

4. ഡോ. വീണ എൻ. മാധവൻ, സ്പെഷ്യൽ കമ്മീഷണർ, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്.

5. ശ്രീ. അബ്ദുൾ നാസർ ബി., അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

6. ശ്രീമതി സന്ധ്യ എസ്., അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.

7. ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ശ്രീമതി രേണുക ദേവി ബി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീ. അജിത് കുമാർ എ., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

10. ശ്രീ. എബ്രഹാം റെൻ എസ്.,അഡീഷണൽ കമ്മീഷണർ,സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്.

11. ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ കമ്മീഷണർ, ഗതാഗത വകുപ്പ്.

12. ശ്രീ. വി. എസ്. ബിനു, അസിസ്റ്റന്റ് കമ്മീഷണർ (എൽ. ആർ), ലാൻഡ് റവന്യൂ കമ്മീഷണറേറ്റ്.

സമിതി "The Kerala Finance Bill, 2022", 2022- ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും ആയതിന്മേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

I The Kerala Finance Bill, 2022 പരിഗണന

The Kerala Finance Bill, 2022- ലെ 1, 5, 7 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാൻ ഇടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. പ്രസ്തുത ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ The Kerala Finance Bill, 2022 അംഗീകരിക്കുകയും ചെയ്തു.

Clause 1

(i) for item (a) of sub-clause (2) the following item shall be substituted,

namely:-

"(a) sub-section (1) of section 4 shall be deemed to have come into force on the 18th day of March, 2022;"

(ii) in item (b) and in its proviso for the word "clause" occurring at both the places the word "section" shall be substituted;

(iii) in clause (c) after the word "shall" the words "be deemed to have" shall be inserted.

Clause 5

in the TABLE under sub-clause (1), serial No. 5 and the entries against it in columns (2), (3) and (4) shall be omitted and the serial numbers 6, 7, 8 and 9 shall be renumbered as 5, 6, 7 and 8 respectively.

Clause 7

(i) item (c) in sub-section (11) shall be omitted and the item "(d)" shall be relettered as "(c)";

(ii) for sub-clause (12), the following sub-clause shall be substituted, namely:-

"(12) in section 50, for sub-section (3), the following sub-section shall be substituted, namely:-

(3) Where the input tax credit has been wrongly availed and utilised, the registered person shall pay interest on such input tax credit wrongly availed and utilised, at such rate not exceeding twenty-four per cent as may be notified by the Government, on the recommendations of the Council, and the interest shall be calculated, in such manner as may be prescribed.

Note:- This sub-section shall be deemed to have come into force on the 1st day of July, 2017.";

FIRST SCHEDULE

for the words "sub-clause" and "clause" under the title 'FIRST SCHEDULE' the words "sub-section" and "section" shall, respectively, be substituted.

SECOND SCHEDULE

for the words "sub-clause" and "clause" under the title 'SECOND SCHEDULE' the words "sub-section" and "section" shall, respectively, be substituted.

The Kerala Finance Bill, 2022 മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീമതി ഉമ തോമസ്, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. സനീഷ്കുമാർ ജോസഫ് ജോസഫ് എന്നീ അംഗങ്ങൾ ബന്ധപ്പെട്ട വിഷയങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി.

II 2022- ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2022- ലെ കേരള ധനകാര്യ (2-ാം നമ്പർ) ബില്ലിലെ 1-ാം ഖണ്ഡത്തിൽ നിയമ വകുപ്പ് ഉദ്യോഗസ്ഥർ ചുവടെ ചേർക്കും പ്രകാരം ഔദ്യോഗിക ഭേദഗതി നിർദ്ദേശിക്കുകയും ഭേദഗതി കൊണ്ടുവരാൻ ഇടയായ സാഹചര്യം വിശദീകരിക്കുകയും സമിതി ചർച്ച ചെയ്ത് പ്രസ്തുത ഭേദഗതിയോടെ 2022- ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം - 1

(2)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

"(2) ഇത് 2022 ഏപ്രിൽ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

പ്രസ്തുത ബില്ലിന്മേൽ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 8.00 മണിക്ക് അവസാനിച്ചു.

## 18-7-2022-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V ന്റെ യോഗം, 2022 ജൂലൈ 18-ാം തീയതി തിങ്കളാഴ്ച സഭാസമ്മേളനത്തിന് ശേഷം രാത്രി 7.40-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ.അഹമ്മദ് ദേവർകോവിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1. ഡോ. എം. കെ. മുനീർ, എം.എൽ.എ.
2. ശ്രീ. പ്രമോദ് നാരായൺ, "
3. ശ്രീ. കെ. പ്രേംകുമാർ, "
4. ശ്രീ. ഐ. ബി. സതീഷ്, "
5. ശ്രീമതി ഉമ തോമസ്, "

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. അജിത് കുമാർ, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

2. ശ്രീ. അജിത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

3. ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്.

4. ശ്രീമതി ഗിരിജാകുമാരി ജി., അഡീഷണൽ സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്.

5. ശ്രീ. പ്രമോദ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്.

6. ശ്രീമതി രശ്മി രവീന്ദ്രൻ, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്.

7. ശ്രീ. ബിനോദ് കെ., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്.

8. ശ്രീമതി ഷൈല പി. എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

9. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്.

10. ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്.

11. ശ്രീ. ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്.

12. ശ്രീമതി മധുമതി കെ. ആർ., ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ),പൊതുമരാമത്ത് വകുപ്പ്.

13. ശ്രീ. ശ്യാം ഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ആലപ്പുഴ.

14. ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവേ വിംഗ്.

15. ക്യാപ്റ്റൻ ഹരി അച്യുതവാര്യർ, ഡെപ്യൂട്ടി ഡയറക്ടർ, തുറമുഖ വകുപ്പ്.

16. ശ്രീ. ടി. വി. ബാലകൃഷ്ണൻ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.

17. ശ്രീ. ജയകുമാർ പി., എക്സിക്യൂട്ടീവ് ഡയറക്ടർ, കെ.ആർ.ഡി.സി.എൻ.

18. ശ്രീമതി സീന പി. സി., സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ- ഫിനാൻസ്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

19. ശ്രീമതി ഷീല എം., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്.

20. ശ്രീമതി രേഖ നായർ, ഫിനാൻസ് ഓഫീസർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ.

21. ശ്രീ. വിജയകുമാർ ബി., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്.

22. ശ്രീ. ഷാജി എം. എസ്., സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് (എൻ. എച്ച്) വകുപ്പ്.

23. ശ്രീ. ജയകുമാർ റ്റി., അക്കൗണ്ട്സ് ഓഫീസർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.

കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2022-ന്റെ കരട്, 2017-18, 2019-20, 2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്ന് ലഭ്യമായ നടപടി പത്രികകൾ, 2021-22- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവയുടെ കരട് തുടങ്ങിയവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

I <u>കരട് ചട്ടം (പൊതുമരാമത്ത് വകുപ്പ്)</u>

**കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2022- ന്റെ കരട് പരിഗണന**

(ഫയൽ നം. 9995/സബ്.സി.എ 2/2022/നി.സെ)

കേരള എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസ് 2022 ന്റെ കരട് പരിഗണിച്ച വേളയിൽ, ഭേദഗതി നിർദ്ദേശത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയുടെ ശമ്പള സ്കെയിലുള്ള തസ്തികകളുടെ വിവരങ്ങളോ, ഓരോ തസ്തികകൾക്കും ബൈട്രാൻസ്ഫർ നിയമനം നൽകുന്ന ശതമാനത്തിലോ വ്യക്തത വരുത്തിയിട്ടില്ലെന്നും വ്യക്തതയില്ലാതെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തിയാൽ കോടതി വ്യവഹാരങ്ങൾ വഴി നിയമനങ്ങൾ തടസ്സപ്പെടുമെന്നും അതിനാൽ വ്യക്തത വരുത്തിയ ശേഷം പ്രസ്തുത കരട് ചട്ടം പരിഗണിക്കുന്നതാണ് ഉചിതമെന്നും സമിതി അഭിപ്രായപ്പെടുകയും കരട് ചട്ടം പരിഗണിക്കുന്നത് മാറ്റിവയ്ക്കുകയും ചെയ്തു.

II <u>ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് പരിഗണന</u>

**1. 2021-22- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ.**

(ഫയൽ നം. 11979/സബ്.സി.എ 2/2021/നി.സെ)

1. പൊതുമരാമത്ത് വകുപ്പ്

ശിപാർശ നം. 9 - 83

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ (ശിപാർശ നം. 9 മുതൽ 83 വരെ) പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. മത്സ്യബന്ധന തുറമുഖ വകുപ്പ്

ശിപാർശ നം. 84 - 106

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ (ശിപാർശ 84 മുതൽ 106 വരെ) മത്സ്യബന്ധന തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. ഗതാഗത വകുപ്പ്

ശിപാർശ നം. 107, 120, 130, 131

2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശ നം. 107, 120, 130, 131 എന്നിവ സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്

ശിപാർശ നം. 117, 118, 119, 129

വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായുള്ള മാഹി - വളപട്ടണം സ്ട്രെച്ച് പൂർത്തീകരിക്കാനുള്ള സ്ഥലം ഏറ്റെടുപ്പിനായി 16.25 കോടി രൂപയാണ് അധികമായി ആവശ്യപ്പെട്ടതെന്നും പ്രസ്തുത തുക സർക്കാരിന്റെ നയപരവും ഭരണപരവുമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടിക്രമം പാലിച്ച് ഭരണാനുമതി ലഭിച്ച ശേഷം ഭരണ വകുപ്പിന്റെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കാമെന്നാണ് നടപടിപത്രികയിൽ വ്യക്തമാക്കിയിട്ടുള്ളതെന്നും ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് വിശദീകരിച്ചു.

തുടർന്ന് 2021-22- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ (ശിപാർശ നം. – 117, 118, 119, 129) കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക സമിതി അംഗീകരിച്ചു.

**2. 2019-20- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക**

**(കാലതാമസപത്രിക ഉൾപ്പെടെ)**

(ഫയൽ നം. 3014/സബ്.സി.എ 2/2019/നി.സെ)

ശിപാർശ നം. 1 -10, 107

2019-20- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ (ശിപാർശ നം. 1 മുതൽ 10 വരെ, 107) ഗതാഗത വകുപ്പ് കാലതാമസപത്രിക ഉൾപ്പെടെ ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**3. 2017-18 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി പത്രിക**

**(കാലതാമസപത്രിക ഉൾപ്പെടെ)**

(ഫയൽ നം. 4540/സബ്.സി.എ 2/2017/നി.സെ)

ശിപാർശ നം. 125

2017-18- ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശ നം. 125 സംബന്ധിച്ച് ഗതാഗത വകുപ്പ് കാലതാമസപത്രിക ഉൾപ്പെടെ ലഭ്യമാക്കിയ നടപടി പത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

III കരട് റിപ്പോർട്ട് പരിഗണന

**1. 2021-22 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.**

(ഫയൽ നം. 11422/സബ്.സി.എ 2/2022/നി.സെ.)

2021-22 ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**2. 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്.**

(ഫയൽ നം. 6568/സബ്.സി.എ 2/2022/നി.സെ.)

2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ദേശീയ പാതകളിലുണ്ടാകുന്ന അപകടങ്ങൾ, മുനിസിപ്പൽ അതിർത്തിക്കുള്ളിൽ കൂടുതൽ അപകട സാധ്യത ഉണ്ടോ, സംസ്ഥാനത്തിനകത്തുള്ള ദേശീയ പാതകളിലെ അറ്റകുറ്റപ്പണികൾക്ക് അനുവദിക്കുന്ന തുക തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് പൊതുവായ ഒരു പഠനം നടത്തണമെന്ന് സമിതി തീരുമാനിച്ചു.

രാത്രി 8.10- ന് യോഗം അവസാനിച്ചു.

## 23-8-2022-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2022 ആഗസ്റ്റ് മാസം 23-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 6.15-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി ശ്രീ. പി.എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1. ഡോ. എം.കെ. മുനീർ
2. ശ്രീ. പ്രമോദ് നാരായൺ
3. ശ്രീ. കെ. പ്രേംകുമാർ
4. ശ്രീ. ഐ.ബി. സതീഷ്
5. ശ്രീ. പി.പി. സുമോദ്
6. ശ്രീ. വി.ആർ. സുനിൽ കുമാർ
7. ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീമതി രജനി വി.ആർ., ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ടിങ്കു ബിസ്വാൾ, പ്രിൻസിപ്പൽ സെക്രട്ടറി, തുറമുഖ വകുപ്പ്.
2. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി ഗതാഗത വകുപ്പ്.
3. ശ്രീ. എസ്. ശ്രീജിത്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ,
4. ശ്രീ. പി.എസ്. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ.
5. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീമതി ഉമാദേവി എസ്., ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
7. ശ്രീ. ടി.പി. സലിംകുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.
8. ശ്രീമതി മദീനാ ബീഗം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്.

2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ, കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾ 2022, കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾ 2022 എന്നീ കരട് ചട്ടങ്ങൾ എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

**1. 2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ പരിഗണന**

(ഫയൽ നം. 14911/സബ്.സി.എ 2/2022/നി.സെ)

2022-ലെ കേരള മാരിടൈം ബോർഡ് (ഭേദഗതി) ബിൽ സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

ബില്ലിന്മേൽ ബഹു. സമിതി അംഗങ്ങളായ ഡോ. എം.കെ. മുനീർ, ശ്രീമതി ഉമ തോമസ് എന്നിവർ വിയോജനക്കുറിപ്പ് നൽകി.

**2. കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) റൂൾ 2022-ന്റെ കരട്**

(ഫയൽ നം. 13212/സബ്.സി.എ 2/2022/നി.സെ)

സമിതി കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്)റൂൾ 2022-ന്റെ കരട് പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

**3. കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾ 2022-ന്റെ കരട്**

(ഫയൽ നം. 13213/സബ്.സി.എ 2/2022/നി.സെ)

സമിതി കേരള ട്രാൻസ്പോർട്ട് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾ 2022-ന്റെ കരട് പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. In rule 4, in item 2 of sub-rule(b), after sub-item(i) and the entries against it the word " or" shall be inserted." എന്നത്

In rule 4, in sub-rule(b) after the entries in sub-item (i) of item 2, the word " or" shall be inserted." എന്ന് മാറ്റണം.

2. (a) Explanatory note-ൽ രണ്ടാമത്തെ ഖണ്ഡികയിലെ ആദ്യ വരിയിൽ " Certain omissions and corrections occurred in the amendment..." എന്നതിൽ " and corrections" എന്ന വാക്കുകൾ ഒഴിവാക്കി " Certain omissions occurred in the amendment" എന്ന് ഭേദഗതി വരുത്തണം.

(b) Explanatory note-ൽ രണ്ടാമത്തെ ഖണ്ഡികയിലെ അവസാന വരിയിലെ " ....to rectify the defects." എന്നത് " to rectify the same" എന്ന് ഭേദഗതി വരുത്തണം.

വൈകുന്നേരം 6.20-ന് യോഗം അവസാനിച്ചു.

## 8-12-2022-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2022 ഡിസംബർ മാസം 8-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 05.10-ന് നിയമസഭ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്, വിനോദസഞ്ചാരം, യുവജനക്ഷേമ വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1) ശ്രീ. കെ. പ്രേംകുമാർ

2) ശ്രീ. പി. പി. സുമോദ്

3) ശ്രീ. വി. ആർ. സുനിൽ കുമാർ

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

2) ശ്രീമതി ഷീബ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

3) ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1) ശ്രീ. ബിജു കെ., സെക്രട്ടറി, തുറമുഖ വകുപ്പ്

2) ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്

3) ശ്രീ. അജിത് കുമാർ, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

4) ശ്രീ. അനിൽകാന്ത്, പോലീസ് ഡയറക്ടർ ജനറൽ

5) ശ്രീ. പി. ബി. നൂഹ്, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

6) ശ്രീ. രാജീവ് കുമാർ എൽ. ആർ., അഡീഷണൽ ലാ സെക്രട്ടറി, നിയമ വകുപ്പ്.

7) ശ്രീ. സന്തോഷ് ഡി., അഡീഷണൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്

8) ശ്രീ. അജിത്ത് കെ. ജോസഫ്, അഡീഷണൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

9) ശ്രീ. അനിൽകുമാർ ജി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

10) ശ്രീമതി ലത എസ്., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

11) ശ്രീ. സഹീദ് ഇ, അഡീഷണൽ സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്

12) ശ്രീമിതി ബീന എൽ., ചീഫ് എഞ്ചിനീയർ, (ബിൽഡിംഗ്സ്, പൊതുമരാമത്ത് വകുപ്പ്)

13) ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്, പൊതുമരാമത്ത് വകുപ്പ്)

14) ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്, പൊതുമരാമത്ത് വകുപ്പ്)

15) ശ്രീമതി സൈജാമോൾ എൻ. ജേക്കബ്, ചീഫ് എഞ്ചിനീയർ (എൻ. എച്ച്.), പൊതുമരാമത്ത് വകുപ്പ്

16) ശ്രീ. ജോമോൻ കെ. ജോർജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

17) ശ്രീ. ശ്യാംഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ്, ആലപ്പുഴ

18) ശ്രീമതി ഉമാദേവി എസ്., ജോയന്റ് സെക്രട്ടറി, നിയമ വകുപ്പ്

19) ശ്രീമതി ഷീല എം., ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

20) ശ്രീമതി ശ്രീലത സുകുമാരൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

21) ശ്രീമതി ദീപ ശിവദാസൻ, ജോയന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്

22) ശ്രീമതി ചൈത്ര തെരേസാ ജോൺ, ജില്ലാ പോലീസ് മേധാവി, ആലപ്പുഴ

23) ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവേ വിംഗ്

24) ശ്രീ. രാജീവ് ജി. എൽ., ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്

25) ശ്രീ. രാജീവ് കാരിയിൽ, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്

26) ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് & ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

27) ശ്രീ. വിജയകുമാർ ബി., സീനിയർ ഫിനാൻസ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

28) ശ്രീമതി ലാലി കെ., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്

വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സമിതിയുടെ യോഗനിർദ്ദേശങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടി പത്രികകൾ, കാലതാമസപത്രികകൾ, സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കുറിപ്പ്, എസ്.ആർ.ഒ. സാധൂകരണം എന്നിവ സമിതി പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

I നടപടി പത്രികകളുടെ പരിഗണന

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 29-6-2021-ലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടി

(ഫയൽ നം.11605/സബ്.സി.എ 2/2021/നി.സെ)

ശിപാർശ നം.1

കൊല്ലം-ചവറ, ചവറ-കോട്ടപ്പുറം ജലപാതകളിൽ ഡ്രാഫ്റ്റ് കുറവുള്ള പ്രദേശങ്ങൾ കണ്ടെത്തിയിരുന്നോ എന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി കൊല്ലം-ചവറ, ചവറ-കോട്ടപ്പുറം ജലപാതകളിലെ ഡ്രാഫ്റ്റ് കുറവുള്ള പ്രദേശങ്ങൾ കണ്ടെത്തി ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സാമ്പ്രാണി കോടി ഭാഗത്തുമാത്രം 2 മീറ്റർ വരെ ആഴക്കുറവുണ്ടെന്നും ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയർ അറിയിച്ചു.

ദേശീയ ജലപാതയുടെ വീതിയും ആഴവും വർദ്ധിപ്പിക്കുന്നതിനായി IWAI ടെണ്ടർ ക്ഷണിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും ഡ്രഡ്ജ് ചെയ്യുന്ന മണ്ണെടുക്കാമെന്ന് NHAI അറിയിച്ചതിനാൽ മുഖ്യമന്ത്രി തലത്തിൽ ചേർന്ന യോഗത്തിൽ പ്രസ്തുത ടെണ്ടർ നടപടികൾ ഒഴിവാക്കാൻ തീരുമാനിച്ചുവെന്ന് ഇൻലാൻഡ് നാവിഗേഷൻ ആൻഡ് കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയർ അറിയിച്ചു. തുടർന്ന് റേറ്റ് ഫൈനലൈസ് ചെയ്യുന്ന മുറയ്ക്ക് ഒരു മാസത്തിനുള്ളിൽ ഡ്രഡ്ജിംഗ് നടത്താൻ സാധിക്കുമെന്ന് ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയർ മറുപടി നൽകി. സമിതിയ്ക്ക് നൽകിയ റിപ്പോർട്ട് പൂർണ്ണമല്ലെന്നും ടെണ്ടർ ഒഴിവാക്കാൻ തീരുമാനിച്ച കാര്യങ്ങൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും സമിതി ചൂണ്ടിക്കാട്ടുകയും റിപ്പോർട്ടിൽ വ്യക്തത വരുത്തി സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

## ശിപാർശ നം. 2

ജലപാതയുടെ കൊല്ലം-വള്ളക്കടവ്, വള്ളക്കടവ്-കോവളം ഭാഗങ്ങൾ ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടിൽ ടെണ്ടർ നടപടി പുരോഗമിക്കുന്നു, ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുവരുന്നു തുടങ്ങിയ പൊതുവായ മറുപടികളാണ് വകുപ്പിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളതെന്നും അതൊരു ശരിയായ പ്രവണതയല്ലെന്നും പദ്ധതികൾ ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഓരോ പ്രവൃത്തിയും സമയക്രമം നിശ്ചയിച്ച് പൂർത്തീകരിക്കുന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു. പല പദ്ധതികളുടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ അറിയിച്ചു.

ടെണ്ടർ നടപടികൾ പൂർത്തിയായ പദ്ധതികൾ ഏതെല്ലാമാണെന്ന സമിതിയുടെ ചോദ്യത്തിന് സെന്റ് ആൻഡ്രൂസ് പാലം പുനർനിർമ്മിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും കരിക്കകം ക്ഷേത്രത്തിനു സമീപത്തെ ഹൈഡ്രോളിക് ലിഫ്റ്റോടുകൂടിയ പുതിയ പാലത്തിന്റെയും വള്ളക്കടവിന് സമീപം സ്റ്റീൽ ലാറ്റിസ് വെഹിക്കുലർ പാലത്തിന്റെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ വിശദീകരണം നൽകി.

SM Lock Bridge നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ആരാഞ്ഞ സമിതിക്ക് പ്രസ്തുത പാലത്തിന്റെ പ്രവൃത്തി ഇനിയും ആരംഭിച്ചിട്ടില്ലെന്ന് ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ മറുപടി നൽകി.

കോവളം മുതൽ വർക്കല വരെയുള്ള തീരത്ത് താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 20.06 ഏക്കർ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി സമിതി ആരാഞ്ഞു. Kerala Waterways & Infrastructures Ltd.

(KWIL) ആണ് ഭൂമി ഏറ്റെടുക്കൽ നടത്തുന്നതെന്നും ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഫണ്ട് കിഫ്ബിയിൽ നിന്നും അനുവദിക്കുകയും ഭൂമി കണ്ടെത്തുകയും ചെയ്തുവെങ്കിലും ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ആരംഭിച്ചിട്ടില്ലെന്നും കളക്ടറേറ്റിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും ഇൻലാൻഡ് നാവിഗേഷൻ & കുട്ടനാട് പാക്കേജ് ചീഫ് എഞ്ചിനീയർ സമിതിയിൽ ബോധിപ്പിച്ചു.

കോവളം മുതൽ വർക്കല വരെ ദേശീയ ജലപാത വരുമ്പോൾ ഏകദേശം 1275 കുടുംബങ്ങളെ മാറ്റി പാർപ്പിക്കേണ്ടിവരുമെന്നും അർഹരായവരെ കണ്ടെത്തിയിട്ടുണ്ടെന്നും പുനരധിവാസവുമായി ബന്ധപ്പെട്ട പാക്കേജിന് അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അദ്ദേഹം വിശദീകരിച്ചു.

ജലപാതയുടെ കൊല്ലം - വള്ളക്കടവ്, വള്ളക്കടവ്-കോവളം ഭാഗങ്ങൾ ഗതാഗത യോഗ്യമാക്കുന്നത് സംബന്ധിച്ച് സമിതിക്ക് ലഭ്യമാക്കിയ അപൂർണ്ണമായ റിപ്പോർട്ട് അംഗീകരിക്കുവാൻ സാധിക്കില്ലെന്നും കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ചും ഭൂമി ഏറ്റെടുക്കൽ, ഇതുമായി ബന്ധപ്പെട്ട പാലങ്ങളുടെയും താൽക്കാലിക പാലങ്ങളുടെയും നിർമ്മാണം എന്നിവ സംബന്ധിച്ചുമുള്ള മറുപടി കൂടി ഉൾപ്പെടുത്തി പുതുക്കിയ നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ശിപാർശ നം.3

വർക്കല തുരപ്പിലൂടെ ജലഗതാഗതം സാധ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമിതി അംഗീകരിച്ചു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 18-2-2020-ലെ സമിതിയോഗ നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി - ഇടക്കാല റിപ്പോർട്ട്.

(ഫയൽ നം. 2214/സബ്.സി.എ 2/2020/നി.സെ.)

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് 18-2-2020-ലെ സമിതി യോഗനിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച ഇടക്കാല റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 3, 9, 31, 32, 33, 35, 37, 38, 45, 46, 48, 49, 69, 81, 83, 84, 85 എന്നിവയിലെ ശിപാർശകളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിൽ

അധിക തുക ആവശ്യപ്പെട്ടതിൽ വ്യക്തത വരുത്തണമെന്നുള്ള 20-12-2017-ലെ യോഗനിർദ്ദേശം - പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി.

(ഫയൽ നം. 1046/സബ്.സി.എ 2/2018/നി.സെ.)

പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. വിനോദസഞ്ചാര മേഖലയിലുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 25-11-2020-ലെ സമിതി യോഗനിർദ്ദേശത്തിന്മേൽ വിനോദസഞ്ചാരം, ആഭ്യന്തരം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി.

(ഫയൽ നം. 617/സബ്.സി.എ 2/2019/നി.സെ.)

വിനോദസഞ്ചാര മേഖലയിലുള്ള ഹൗസ് ബോട്ടുകളുടെ പ്രവർത്തനം സംബന്ധിച്ച് 25-11-2020-ലെ സമിതി യോഗനിർദ്ദേശത്തിന്മേൽ വിനോദസഞ്ചാരം, ആഭ്യന്തരം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

5. 25-11-2020, 27-9-2018 എന്നീ തീയതികളിലെ യോഗ നിർദ്ദേശങ്ങളിന്മേൽ ധനകാര്യ വകുപ്പ് നൽകിയ മറുപടി

(ഫയൽ നം. 3772/സബ്.സി.എ 2/2018/നി.സെ.)

25-11-2020, 27-9-2018 എന്നീ തീയതികളിലെ സമിതിയോഗ നിർദ്ദേശങ്ങളിന്മേൽ ധനകാര്യ വകുപ്പ് നൽകിയ മറുപടി പരിഗണിച്ച സമിതി, 2015-16, 2016-17, 2017-18, 2020-21 എന്നീ വർഷങ്ങളിൽ 3055-00-800-95 – " transfers to Kerala Road Satety Fund" എന്ന ശീർഷകത്തിൽ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുകയൊന്നും അനുവദിച്ചിട്ടില്ല എന്നിരിക്കെ, അനുവദിച്ച തുക KRSA ചെലവാക്കിയില്ല എന്ന് ധനകാര്യവകുപ്പ് മറുപടി നല്കിയത് ശരിയല്ലെന്നും KRSA-ക്ക് പണം അനുവദിക്കേണ്ടത് അനിവാര്യമാണെന്നും വിലയിരുത്തുകയും ബഡ്ജറ്റിൽ വകയിരുത്തിയ തുക KRSA-ക്ക് കൃത്യമായി അനുവദിക്കാൻ നടപടി സ്വീകരിക്കണമെന്ന് ധനകാര്യവകുപ്പിന് നിർദ്ദേശം നല്കുകയും ചെയ്തു.

6. 26-2-2019-ലെ യോഗനിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് നൽകിയ മറുപടി

(ഫയൽ നം. 2563/സബ്.സി.എ 2/2017/നി.സെ.)

26-2-2019-ലെ യോഗ നിർദ്ദേശത്തിന്മേൽ പൊതുമരാമത്തു വകുപ്പ് നല്കിയ നടപടി റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## II. കാലതാമസപത്രികകളുടെ പരിഗണന

7. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1-10, 133 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ

(ഫയൽ നം. 1576/സബ്.സി.എ 2/2020/നി.സെ.)

2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 1-10, 133 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്, കാലതാമസപത്രിക എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

8. പൊതുമരാമത്ത്, മത്സ്യബന്ധന-തുറമുഖം, ഗതാഗതം എന്നീ വകുപ്പുകളുടെ 2020-21-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രികകൾ

(ഫയൽ നം. 488/സബ്.സി.എ 2/2021/നി.സെ.)

പൊതുമരാമത്ത്, മത്സ്യബന്ധന-തുറമുഖം, ഗതാഗതം എന്നീ വകുപ്പുകളുടെ 2020-21-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച കാലതാമസ പത്രികകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

9. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക

(ഫയൽ നം. 488/സബ്.സി.എ 2/2021/നി.സെ.)

2018-19 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

10. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക

(ഫയൽ നം. 259/സബ്.സി.എ 2/2020/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സംബന്ധിച്ച് ഗതാഗത വകുപ്പ് ലഭ്യമാക്കിയ കാലതാമസപത്രിക സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

### III. സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്ന ഫയൽ

11. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം - 30-7-2019-ലെ സമിതിയോഗ നിർദ്ദേശം - ഗതാഗതം, നിയമം എന്നീ വകുപ്പുകളുടെ മറുപടി.

(ഫയൽ നം. 1046/സബ്.സി.എ 2/2018/നി.സെ.)

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് ചട്ടവിരുദ്ധമായി ഓഫീസ് അറ്റൻഡന്റുമാരെ തസ്തിക മാറ്റം വഴി നിയമിക്കുന്നതു സംബന്ധിച്ച് 30-7-2019-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ടിരുന്ന പ്രകാരം ഗതാഗതം, നിയമം എന്നീ വകുപ്പുകൾ നല്കിയ മറുപടി സമിതി പരിശോധിച്ചു. ഓഫീസ് അറ്റൻഡന്റുമാരെ എ.എം.വി.ഐ. ആയി പ്രൊമോട്ട് ചെയ്യാൻ പാടില്ലെന്ന് സർക്കാർതലത്തിൽ തീരുമാനമെടുത്തിട്ടുള്ളതാണെന്നും വ്യാജരേഖ ചമച്ച് സ്റ്റേ വാങ്ങി ഇത്തരത്തിൽ പ്രൊമോഷൻ നേടിയ ആൾ സർവ്വീസിൽനിന്ന് വിരമിച്ചുവെന്നും 2018 മുതലുള്ള ഈ സ്റ്റേയുടെ പിൻബലത്തിൽ തുടർന്നും പ്രൊമോഷൻ നല്കിവരികയാണെന്നും ഇതുകാലമായിട്ടും സ്റ്റേ ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തത് വലിയ പിഴവാണെന്നും ബഹു. ഗതാഗതമന്ത്രി സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. കൂടാതെ 29-11-2021-ലെ G2-1851/2018/OA & connected cases എന്ന നമ്പറിലുള്ള അഡ്വക്കേറ്റ് ജനറലിന്റെ കത്തിലെ " While concurring with the opinion of my predecessor in office that there is no laches on the part of him from the" എന്നതിനുശേഷമുള്ള ഭാഗം ഇതിന്റെ തുടർച്ചയല്ലെന്ന് നിരീക്ഷിച്ച സമിതി പ്രസ്തുത പിശക് നിയമവകുപ്പ് ശ്രദ്ധിക്കേണ്ടതായിരുന്നുവെന്ന് വകുപ്പിനെ ഓർമ്മിപ്പിച്ചു. ഇതു സംബന്ധിച്ച് വ്യക്തത വരുത്തി അഡ്വക്കേറ്റ് ജനറലിന്റെ മറുപടി എത്രയും വേഗം സമിതിക്ക് ലഭ്യമാക്കണമെന്നും ഗതാഗതവകുപ്പ് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ സ്റ്റേ ഒഴിവാക്കാൻ നിയമവകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും ആവശ്യമെങ്കിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

### IV. എസ്.ആർ.ഒ. സാധൂകരണം

12. 2021-ലെ കേരള ഇൻലാന്റ് വെസ്സൽസ് (ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 602/2021-ന്റെ സാധൂകരണം

(ഫയൽ നം. 284/സബ്.സി.എ 2/2022/നി.സെ.)

സമിതി 2021-ലെ കേരള ഇൻലാന്റ് വെസ്സൽസ് (ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 602/2021) പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

13. 2022-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 916/2022-ന്റെ സാധൂകരണം

(ഫയൽ നം. 18042/സബ്.സി.എ 2/2022/നി.സെ.)

സമിതി 2022-ലെ കേരള മോട്ടോർ വാഹന (രണ്ടാം ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 916/2022) പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

14. 2022-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടം, എസ്.ആർ.ഒ. നമ്പർ 1063/2022-ന്റെ സാധൂകരണം

(ഫയൽ നം. 20840/സബ്.സി.എ 2/2022/നി.സെ.)

സമിതി 2022-ലെ കേരള മോട്ടോർ വാഹന (മൂന്നാം ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 1063/2022) പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

വൈകുന്നേരം 5.45 ന് യോഗം അവസാനിച്ചു.

## 15-2-2023-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2023 ഫെബ്രുവരി മാസം 15-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭ സമുച്ചയത്തിലെ '5-ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗം

ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

2) ശ്രീമതി ഷീബ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

3) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1) ശ്രീ. എസ്. മോഹൻദാസ്, സ്പെഷ്യൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
2) ശ്രീമതി കല എസ്. വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3) ശ്രീമതി ഗിരിജാ കുമാരി ജി. അഡീഷണൽ സെക്രട്ടറി, തുറമുഖ വകുപ്പ്
4) ശ്രീ. ജോമോൻ കെ. ജോർജ്ജ്, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്
5) ശ്രീമതി ബീന എൽ., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്
6) ശ്രീമതി സൈജമോൾ എൻ. ജേക്കബ്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (നാഷണൽ ഹൈവേ) വകുപ്പ്
7) ശ്രീമതി കെ. ആർ. മധുമതി, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഭരണം) വകുപ്പ്
8) ശ്രീ. അശോക് കുമാർ എം., ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പ്
9) ശ്രീ. ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഡിസൈൻ) വകുപ്പ്
10) ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്സ്) വകുപ്പ്
11) ശ്രീമതി ലിൻസി കെ. ഇ., ചീഫ് എഞ്ചിനീയർ, കെ.എസ്.ടി.പി.
12) ശ്രീ. ജോൺസൺ, ഐ.ജി.എം., കെ.ആർ.ഡി.സി.എൽ.
13) ശ്രീ. ടി. പി. സലിം കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരളാ മാരിടൈം ബോർഡ്
14) ശ്രീ. ജെറോഷ് കുമാർ വി., ചീഫ് ഹൈഡ്രോഗ്രാഫർ, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്
15) ശ്രീമതി സിന്ധു ടി. എസ്., ജനറൽ മാനേജർ, ആർ.ബി.ഡി.സി.കെ.
16) ശ്രീ. വി. ആർ. സുരേന്ദ്രൻ., ഡി.ജി.എം., കെ.ആർ.ഡി.സി.എൽ.
17) ശ്രീ. കെ. മദൻകുമാർ, സി.എഫ്.എ., കേരള മാരിടൈം ബോർഡ്
18) ശ്രീ. സിബി ജോസഫ്, ചീഫ് ഫിനാൻസ് ഓഫീസർ, ആർ.ബി.ഡി.സി.കെ.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന XV(പൊതുമരാമത്ത്), XL(തുറമുഖങ്ങൾ) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്

### 2059 - പൊതുമരാമത്ത്

2059-60-053—പൊതുമരാമത്ത് - മറ്റു കെട്ടിടങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, കഴക്കൂട്ടം സൈനിക സ്കൂൾ, ചരക്ക് സേവനനികുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും തിരുവനന്തപുരം നഗരത്തിലുള്ള മറ്റു സർക്കാർ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 7.15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2059-80-053 —പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനും പൊതുമരാമത്ത് വിശ്രമമന്ദിരങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കും വൈദ്യുത ചാർജ് ഇനത്തിനുമായി ഈ ശീർഷകത്തിൽ 5.85 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 3054 - റോഡുകളും പാലങ്ങളും

3054-01-001-98—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് -ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

മേൽനോട്ടവും നിർവ്വഹണവും എന്ന വിഭാഗത്തിൽ യാത്രാചെലവുകൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണം എന്നീ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാലും നിലവിൽ പി.ഒ.എൽ ഇനത്തിൽ ധാരാളം കുടിശ്ശിക നൽകാനുള്ളതിനാലും ഈ ശീർഷകത്തിൽ 11 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-01-800-99—റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - മറ്റു ചെലവുകൾ -മുനിസിപ്പൽ അതിർത്തിയിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

മുനിസിപ്പൽ അതിർത്തിയിൽ വരുന്ന നാഷണൽ ഹൈവേകളുടെ സംരക്ഷണത്തിനായി അനുവദിച്ച പ്രവർത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-99 —റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - പാലങ്ങൾ -സാധാരണ അറ്റകുറ്റപ്പണികൾ

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പാലങ്ങളുടെ സാധാരണ അറ്റകുറ്റപ്പണികൾക്കും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-102-98 —റോഡുകളും പാലങ്ങളും-സംസ്ഥാന ഹൈവേകൾ-പാലങ്ങൾ-വെള്ളപ്പൊക്കകെടുതികളുടെ അറ്റകുറ്റപ്പണികൾ

വെള്ളപ്പൊക്കക്കെടുതികൾമൂലം നാശനഷ്ടങ്ങൾ സംഭവിച്ച പാലങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 3.75 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-03-337-96—റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡു പണികൾ - വെള്ളപ്പൊക്കകെടുതികളുടെ അറ്റകുറ്റപണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും വെള്ളപ്പൊക്കംമൂലം നാശനഷ്ടങ്ങൾ സംഭവിച്ച റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 102 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-99 —റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്

നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യാത്രാബത്ത, വെള്ളക്കരം, വൈദ്യുതി ചാർജ്, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയവയ്ക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 24.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-98 —റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും -മേൽനോട്ടം

നിരത്തുകൾ വിഭാഗം മൂന്ന് സർക്കിൾ കാര്യാലയങ്ങളിലെ എസ്റ്റാബിഷ്മെന്റ് ചെലവുകൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ്, പി. ഒ.എൽ

തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-97—റോഡുകളും പാലങ്ങളും-ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം

നിരത്തുകൾ വിഭാഗം 15 ഡിവിഷൻ കാര്യാലയങ്ങളിലെയും രണ്ട് മെക്കാനിക്കൽ ഡിവിഷൻ കാര്യാലയങ്ങളിലെയും അതിനു കീഴിൽ വരുന്ന എല്ലാ സബ് ഡിവിഷൻ, സെക്ഷൻ കാര്യാലയങ്ങളുടെയും മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, യാത്രാബത്ത, വൈദ്യുതി ചാർജ്, ടെലിഫോൺ ചെലവ്, മറ്റിനങ്ങൾ, വാടക, കരം, നികുതി, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ് തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.23 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-94 —റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും-പൊതുമരാമത്ത് വകുപ്പ് (മെയിന്റനൻസ്)

മെയിന്റനൻസ് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യാത്രാ ബത്ത, മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്, അവധി യാത്രാ ബത്ത തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-93 —റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും-പൊതുമരാമത്ത്(പാലങ്ങൾ)വകുപ്പിന് കീഴിലുള്ള സൂപ്രണ്ടിങ് എഞ്ചിനീയറുടെ ഓഫീസ്

പാലങ്ങൾ വിഭാഗം 2 സർക്കിൾ കാര്യാലയങ്ങളിലെ ഇന്ധന ചെലവ്, ദിവസവേതന ചെലവ്, സ്ഥലംമാറ്റ ബത്ത, അവധി യാത്രാബത്ത, പി.ഒ.എൽ. തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4.85 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-92—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്

പാലങ്ങൾ വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും ഇന്ധന ചെലവ്, വാഹനങ്ങളുടെ സംരക്ഷണവും

അറ്റകുറ്റപ്പണികളും, അവധി യാത്രാബത്ത തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 16 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-001-91—റോഡുകളും പാലങ്ങളും-ജനറൽ-ഭരണവും നടത്തിപ്പും- പൊതുമരാമത്ത് (റോഡ് പരിപാലനം) വകുപ്പിന് കീഴിലുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ്

മെയിന്റനൻസ് വിഭാഗം 7 എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങളിലെയും സബ്ഡിവിഷനുകളിലെയും കൺസോളിഡേറ്റഡ് പേ, യാത്രാബത്ത, വെള്ളക്കരം തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 6.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-99-06 —റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - വാടക, കരം, നികുതി

കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കാമ്പസിലെ മൂന്ന് കെട്ടിടങ്ങളുടെ 2013-14 മുതലുള്ള കുടിശ്ശിക ഇനത്തിലേക്കായി ഈ ശീർഷകത്തിൽ 44.53 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-98 —റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പബ്ലിക് വർക്ക്സ് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡ്

രൂപകൽപ്പനാ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യാത്രാബത്ത, സ്ഥലംമാറ്റബത്ത, അവധിയാത്രാ ആനുകൂല്യം, ടെലിഫോൺ, മറ്റിനങ്ങൾ, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, ഇന്ധന ചെലവ്, ചികിത്സാ ചെലവ് തുടങ്ങിയവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.69 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-96— റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും -പുതിയ പദ്ധതികളുടെ പ്രായോഗിക ക്ഷമതാപഠനം

ഭരണാനുമതി നൽകി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി നൽകുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 1.67 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-93 —റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും- പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്

പൊതുമരാമത്ത് വകുപ്പിനു കീഴിലെ ഇ-ഗവേണൻസ് പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3.6821 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-92 —റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - ക്വാളിറ്റി കൺട്രോൺ യൂണിറ്റ് സ്ഥാപിക്കലും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

മൊബൈൽ ക്യൂ.സി.ലാബിന്റെ നടത്തിപ്പിനും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-91 —റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - ഗവേഷണ ആസൂത്രണ പ്രവൃത്തികൾ

പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.7 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-004-89— റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതികളും പ്രയോഗിക ക്ഷമതാപഠനം

പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 4.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-107-97—റോഡുകളും പാലങ്ങളും - ജനറൽ - റെയിൽവേ സുരക്ഷിതത്വ പണികൾ - കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ

കാവൽക്കാർ ഇല്ലാത്ത ലെവൽക്രോസിങ്ങുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് റെയിൽവേയ്ക്ക് നൽകേണ്ട കുടിശ്ശിക നൽകുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 8.9851 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-95-17— റോഡുകളും പാലങ്ങളും - ജനറൽ - മറ്റു ചെലവുകൾ - റോഡ് സുരക്ഷിതത്വ പണികൾ - ചെറുകിട മരാമത്തു പണികൾ

ഭരണാനുമതി നൽകി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി നൽകുന്നതിനും വേണ്ടി ഈ ശീർഷകത്തിൽ 4.49 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-92 —റോഡുകളും പാലങ്ങളും-ജനറൽ-മറ്റു ചെലവുകൾ-കേരള റോഡ് ഫണ്ട്

തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ, കണ്ണൂർ, കൊല്ലം തുടങ്ങിയ നഗര വികസന പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 233.1551 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3054-80-800-87 —റോഡുകളും പാലങ്ങളും-ജനറൽ-മറ്റു ചെലവുകൾ-ബിൽ ഡിസ്കൗണ്ടിംഗ് ചാർജ്ജുകൾ

പെൻഡിംഗ് ബിൽ ഡിസ്കൗണ്ടിംഗ് ചാർജ് ക്രമീകരിക്കാനായി ഈ ശീർഷ കത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**4059 - പൊതുമരാമത്ത് മൂലധനച്ചെലവ്**

4059-01-051-99 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - സംസ്ഥാന നിയമസഭ

സംസ്ഥാന നിയമസഭയുടെ പരിഷ്കരണ ജോലികൾക്കും നവീകരണ ജോലികൾക്കും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 58 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-98 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം -നീതി ന്യായ നിർവഹണം

ഹൈക്കോടതി, കോടതി സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-97 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം -ഇലക്ഷൻ

ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിരം, VVPAT, വെയർഹൗസ് എന്നിവയുടെ നിർമ്മാണത്തിനും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 6.9 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-96 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - ഭൂനികുതി

ഭൂനികുതി വകുപ്പിലെ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-92 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മിഷൻ

പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 1.16 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-86 —പൊതുമരാമത്ത് മൂലധനച്ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്തു പണികൾ (സിവിൽ ജോലികൾ)

സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിക്കാനും കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതിനും ഈ ശീർഷകത്തിൽ 13.28 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-01-051-82—പൊതുമരാമത്ത് മൂലധനച്ചെലവ്-ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

കരാറുകാർക്ക് കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള വിവിധ ചെലവുകൾക്കായി ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-72 — <u>പൊതുമരാമത്ത് മൂലധനച്ചെലവ്-മറ്റു കെട്ടിടങ്ങൾ-നിർമ്മാണം-നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി</u>

നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

4059-60-051-71 — <u>പൊതുമരാമത്ത് മൂലധനച്ചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - ജയിലുകളുടെ ആധുനികവൽക്കരണം</u>

ജയിലുകളുടെ ആധുനികവൽക്കരണത്തിനായും കരാറുകാർക്ക് കുടിശ്ശിക നൽകുന്നതിനായും ഈ ശീർഷകത്തിൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5054 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്**

5054-03-337-97 —<u>റോഡുകളും പാലങ്ങളും - സംസ്ഥാന പാതകൾ-റോഡുപണികൾ-കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (ലോക ബാങ്ക് സഹായിക്കുന്നത്)</u>

കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിൽ നടന്നുവരുന്ന വിവിധ മരാമത്ത് പ്രവൃത്തികൾക്കും ഒന്നാംഘട്ടത്തിൽ കോടതിയിൽ നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിക്കുന്ന പക്ഷം ഉണ്ടാകാവുന്ന ചെലവുകൾക്കും ഓഫീസ് ജീവനക്കാര്യങ്ങൾക്കും വരാവുന്ന പ്രതീക്ഷിത ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 380 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-99 —<u>റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - പ്രധാന ജില്ലാതല റോഡുകൾ- പാലങ്ങളും കലുങ്കുകളും</u>

കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-98 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മറ്റു ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-95—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം - പാലങ്ങൾ

വിവിധ പാലങ്ങളുടെ അപ്രോച്ച് റോഡിന്റെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-93—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാലം പണികൾ-നിലവിലുള്ള പാലങ്ങളുടെ പുനരുദ്ധാരണം/പുനർനിർമ്മാണം

നിലവിലുള്ള പാലങ്ങളുടെ പുനർനിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി ഈ ശീർഷകത്തിൽ 91.776 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-92—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും-പാലംപണികൾ-ആദിവാസി കോളനികളിലേക്കുള്ള പാലങ്ങളുടെ നിർമ്മാണം/പുനർനിർമ്മാണം

ആദിവാസി സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കോളനികളിലേക്കുള്ള ഗതാഗതത്തിനായി കൂടുതൽ പാലങ്ങൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 44.24 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-101-86 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്തു പണികൾ (പാലങ്ങൾ)

കരാറുകാരുടെ കുടിശ്ശിക മാറി നൽകുന്നതിനും പുതുതായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 14 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-98 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റു ജില്ലാതല റോഡുകൾ പുതിയ പണികൾ

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമതി തീരുമാനിച്ചു.

5054-04-337-97 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - മറ്റു ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 25 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമതി തീരുമാനിച്ചു.

5054-04-337-89 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ -ശബരിമല റോഡ് പ്രേജക്റ്റ്

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 55.53 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-04-337-79 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ -കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണം

HMT & NAD ഭൂമി ലഭ്യമായാൽ ഈ റീച്ചിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 9.9917 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-05-337-97-16—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-സംസ്ഥാനാന്തരമായോ,സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ-റോഡുപണികൾ-സി.ആർ.എഫ്. റോഡുകൾ (സാധാരണ വിഹിതം)-വൻകിട മരാമത്തുപണികൾ

അനുവദിച്ച പ്രവർത്തികൾ പൂർത്തിയാക്കുന്നതിനായി ഈ ശീർഷകത്തിൽ 300 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-004-98—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ -ഗവേഷണം - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും

ക്യൂ.സി.ലാബുകൾ എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ പദവിയിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും മൊബൈൽ ലാബിനുമായി ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-107-99—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ്-ജനറൽ- റെയിൽവേ സുരക്ഷിതത്വ പണികൾ- റെയിൽവേ സുരക്ഷിതത്വപണികൾ

KRDCL-ലെ 27 റെയിൽവേ മേൽപ്പാലങ്ങളുടെ/അടിപ്പാതകളുടെ ഭൂമിയേറ്റെടുക്കൽ തുകയും നഷ്ടപരിഹാര തുകയും നൽകുന്നതിനായും ലെവൽക്രോസുകൾക്ക് പകരമായുള്ള അടിപ്പാത/മേൽപ്പാത നിർമ്മാണത്തിനായി RBDCK-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായും വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 158.8229 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-337-88 —റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ- റോഡ് പണികൾ- പ്രളയ ബാധിത പ്രദേശങ്ങളിലെ തകർന്ന റോഡുകളുടെയും പാലങ്ങളുടെയും പുനർനിർമ്മാണം

കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ മാറി നൽകുന്നതുൾപ്പെടെയുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ 21 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-82—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - ജനറൽ -മറ്റു ചെലവ് - പൊതുമരാമത്ത് വകുപ്പിൻ കീഴിലെ ഇ-ഗവേണൻസ്

പൊതുമരാമത്ത് വകുപ്പിനു കീഴിലെ ഇ-ഗവേണൻസ് പദ്ധതികൾക്കായി ഈ ശീർഷകത്തിൽ 3.0873 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5054-80-800-69—റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - -ജനറൽ- മറ്റു ചെലവ് - സംസ്ഥാന റോഡ് പുനരുദ്ധാരണ പദ്ധതി

പാക്കേജ്-എ, പാക്കേജ്-ബി എന്നിവയുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കിയ റോഡുകളുടെ കൺസെഷണെയർമാർക്ക് കരാർ പ്രകാരം അന്വിറ്റി നൽകുന്നതിനായി ഈ ശീർഷകത്തിൽ 5.4125 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**ധനാഭ്യർത്ഥന XL-തുറമുഖങ്ങൾ**

**3051- തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും**

3051-02-001-98-01-4—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - ശമ്പളം-മെഡിക്കൽ റീ- ഇമ്പേഴ്സ്മെന്റ്

2022-23 സാമ്പത്തിക വർഷം അനുവദിച്ച മെഡിക്കൽ അഡ്വാൻസ് ക്രമപ്പെടുത്തുന്നതിനും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-04-4- — തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് - യാത്രാചെലവുകൾ -അവധി യാത്രാനുകൂല്യം

വകുപ്പിലെ ജീവനക്കാർ LTC ഉപയുക്തമാക്കിയ വകയിൽ നിലനിൽക്കുന്ന കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും - ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- ഓഫീസ് ചെലവുകൾ-വൈദ്യുതി ചെലവ്

KSEB യുടെ സെൻട്രലൈസ്ഡ് ബില്ലിംഗ് സിസ്റ്റം വഴി ഇലക്ട്രിസിറ്റി ചാർജ് ഒടുക്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-05-4 —തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- ഓഫീസ്ചെലവുകൾ-മറ്റിനങ്ങൾ

വകുപ്പിന്റെ വിവിധ കാര്യാലയങ്ങളിൽ സ്റ്റാമ്പിനത്തിലും ദൈനംദിന പ്രവർത്തനത്തിനുള്ള മറ്റു ചെലവുകൾക്കുമായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-06—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് വാടക, കരം, നികുതി</u>

വകുപ്പിന്റെ എറണാകുളം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശിക ഒടുക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-12—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും</u>

അപ്രന്റീസ് ട്രെയിനികൾക്ക് സ്റ്റൈപ്പൻഡ് നല്കുന്നതിനായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-1—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- മോട്ടോർ വാഹനങ്ങൾ- വാഹനങ്ങൾ വാങ്ങുന്നതിന്</u>

വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ വളരെ പഴക്കം ചെന്നതും സർവ്വേ റിപ്പോർട്ട് ചെയ്യേണ്ട അവസ്ഥയിലുള്ളതുമായതിനാൽ വാഹനങ്ങൾ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-21-2—<u>തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്- മോട്ടോർ വാഹനങ്ങൾ -സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

വകുപ്പിൽ നിലവിൽ ഉപയോഗിക്കുന്ന പഴക്കം ചെന്ന ഔദ്യോഗിക വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051-02-001-98-45—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ- ഭരണവും നടത്തിപ്പും -ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്-പി.ഒ.എൽ.

2022-23 സാമ്പത്തിക വർഷം ഇന്ധന ചാർജ് ഇനത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ കുടിശ്ശിക ബില്ലുകൾ അടച്ചു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3051 -02-103-99-05-1—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും -ചെറുകിട തുറമുഖങ്ങൾ- ഡ്രഡ്ജിംഗും സർവ്വേയും-ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം- ഓഫീസ് ചെലവുകൾവെള്ളക്കരം

വെള്ളക്കരം ഒടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 15,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-103-99-05-2—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും- ചെറുകിടതുറമുഖങ്ങൾ ഡ്രഡ്ജിംഗും സർവ്വേയും -ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം - ഓഫീസ് ചെലവുകൾ -വൈദ്യുതി ചെലവ്

വൈദ്യുതി ചാർജ് ഒടുക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 48,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051 -02-103- 99- 21-2—തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ - ഡ്രഡ്ജിംഗും സർവ്വേയും -ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗംമോട്ടോർവാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപ്പണികളും

10 വർഷത്തിലേറെ പഴക്കമുള്ള വാഹനങ്ങളുടെ റിപ്പയറിംഗിന് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-103-99-45—തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും- ചെറുകിടതുറമുഖങ്ങൾ- ഡ്രഡ്ജിംഗും സർവ്വേയും -ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം- പി.ഒ.എൽ

ഇന്ധനവില കൂടിയ സാഹചര്യത്തിൽ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**5051- തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്**

5051 -80-001- 93—തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - ജനറൽ - ഭരണവും നടത്തിപ്പും-ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന്റെ കീഴിലുള്ള ബോട്ട് ഷെൽട്ടേഴ്സ്, ഓഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണവും പുനരുദ്ധാരണവും

ആലപ്പുഴയിൽ പുതിയ ഓഫീസ് കെട്ടിടവും ഉപഗ്രഹകേന്ദ്രവും നിർമ്മിക്കുന്നതിന് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

5051-80-800- 91—തുറമുഖങ്ങൾ ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - ജനറൽ- മറ്റ്ചെലവുകൾ- ഇലക്ട്രോണിക് ഉപകരണങ്ങൾ,സർവ്വേ ഉപകരണങ്ങൾ ഇവ വാങ്ങുന്നതിന്

മൾട്ടി ബീം എക്കോ സൗണ്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു .

രാവിലെ 11.15-ന് യോഗം അവസാനിച്ചു.

## 17-2-2023-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2023 ഫെബ്രുവരി മാസം 17-ാം തീയതി വെള്ളിയാഴ്ച രാവിലെ 10.30-ന് നിയമസഭ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. ഗതാഗത വകുപ്പുമന്ത്രി

ശ്രീ. ആന്റണി രാജു യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1) ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ.

2) ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1) ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

2) ശ്രീമതി ഷീബ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

3) ശ്രീ. വിനോദ് കുമാർ എം. കെ., അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1) ശ്രീ. അശോക് കുമാർ സിംഗ്, സെക്രട്ടറി, ജലവിഭവ വകുപ്പ്, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ വകുപ്പ്

2) ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്

3) ശ്രീമതി കല എസ്. വി., അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

4) ശ്രീമതി വിജയശ്രീ കെ. എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

5) ശ്രീ. എസ്. ശ്രീജിത്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

6) ശ്രീ. ടി. ഇളങ്കോവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള റോഡ് സുരക്ഷ അതോറിറ്റി

7) ശ്രീ. ഷാജി വി. നായർ, ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്

8) ശ്രീമതി എസ്. അന്നപൂരണി, ഫിനാൻസ് ഡയറക്ടർ, കെ.എം.ആർ.എൽ.

9) ശ്രീ. പ്രമോജ് ശങ്കർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, മോട്ടോർ വാഹന വകുപ്പ്

10) ഡോ. ഷീജ എം. കെ., പ്രിൻസിപ്പാൾ, ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

11) ശ്രീ. രാജു വി. കെ., കമ്പനി സെക്രട്ടറി, കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി

12) ശ്രീ. ശ്യാംഗോപാൽ, ചീഫ് എഞ്ചിനീയർ, ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് & കുട്ടനാട് പാക്കേജ്

13) ശ്രീ. രാജേഷ് കെ., ഫിനാൻസ് മാനേജർ, കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ ലിമിറ്റഡ്, കൊച്ചി

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന IX (വാഹന നികുതികൾ), XLI (ഗതാഗതം) എന്നീ ധനാഭ്യർത്ഥനകൾ സംബന്ധിച്ച് സൂക്ഷ്മപരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ IX-വാഹന നികുതികൾ**

**2041 - വാഹന നികുതികൾ**

2041-00-001-99-01-4—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ-ശമ്പളം-മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 6.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-1—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വെള്ളക്കരയിനത്തിൽ അധിക ചെലവ് പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-2—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ - ഓഫീസ് ചെലവുകൾ - വൈദ്യുതിചെലവ്

വൈദ്യുതി ചെലവിനത്തിൽ അധിക തുക പ്രതീക്ഷിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-3—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ-ഓഫീസ്ചെലവുകൾ ടെലിഫോൺ ചെലവ്.-

ടെലിഫോൺ ചെലവിനായി ഈ ശീർഷകത്തിൽ 4 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-99-05-4—വാഹന നികുതികൾ-നടത്തിപ്പും ഭരണവും-ഭരണച്ചെലവുകൾ-ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

മോട്ടോർ വാഹന വകുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഓൺലൈനിലേക്ക് മാറ്റുന്നതിന്റെ ഭാഗമായി പോസ്റ്റൽ ചാർജ് ഓൺലൈനായി സ്വീകരിച്ച് ചെലവ് ചെയ്യുക, തപാൽ വകുപ്പിന് നൽകേണ്ട തുക എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 12 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-001-96—വാഹന നികുതികൾ - നടത്തിപ്പും ഭരണവും - ഫുള്ളി ആട്ടോമേറ്റഡ് സർവ്വീസസ് ഓഫ് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ്

മോട്ടോർ വാഹന വകുപ്പിലെ എല്ലാ ഓഫീസുകളുടെയും ആധുനികവൽക്കരണത്തിന്റെ ഭാഗമായി ആർ.ടി. ഓഫീസുകളുടെയും സബ് ആർ.ടി. ഓഫീസുകളുടെയും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ICT ഉപകരണങ്ങൾ വാങ്ങുന്നതിനും അവയ്ക്ക് FMS (Facility Management Service) ചാർജ്ജുകൾ നൽകുന്നതിനും വൈദ്യുതി ചാർജ് അടയ്ക്കുന്നതിനും ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-21-2—വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

പ്രതീക്ഷിതചെലവുകൾക്കും കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

2041-00-102-99-45—വാഹന നികുതികൾ-മോട്ടോർ വാഹനങ്ങളുടെ പരിശോധന -മോട്ടോർ വാഹനങ്ങളുടെ പരിശോധന - പി.ഒ.എൽ.

ഹെഡ്ക്വാർട്ടേഴ്സിലെ വാഹനങ്ങൾ ഒഴികെ വകുപ്പിലെ എല്ലാ ഓഫീസുകളിലെയും വാഹനങ്ങളുടെയും എൻഫോഴ്സ്മെന്റ് വാഹനങ്ങളുടെയും ഇന്ധനച്ചെലവിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## XLI - ഗതാഗതം

### 3055- റോഡ് ഗതാഗതം

3055-00-800-95—റോഡ് ഗതാഗതം-മറ്റ് ചെലവുകൾ-കേരള റോഡ് സുരക്ഷഫണ്ടിലേക്ക് മാറ്റൽ

കേരള റോഡ് സുരക്ഷാ അതോറിറ്റി കൊടുത്തു തീർക്കാനുള്ള ബാധ്യത ഇനത്തിൽ ഈ ശീർഷകത്തിൽ 56 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 3056 – ഉൾനാടൻ ജലഗതാഗതം

3056-00-001-99-05-1—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വെള്ളക്കരം

വെള്ളക്കരനിരക്ക് വർദ്ധനവിന്റെ അടിസ്ഥാനത്തിലുണ്ടായ അധികബാധ്യത കൊടുത്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 1.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-2—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ - വൈദ്യുതി ചെലവ്

വകുപ്പ് ഇ– ഓഫീസ് സംവിധാനത്തിലേക്ക് മാറിയപ്പോൾ കൂടുതൽ വൈദ്യുതി ആവശ്യമുള്ളതിനാൽ ആ ഇനത്തിലുള്ള ചെലവുകൾക്കായും താരിഫ് നിരക്ക് വർദ്ധിപ്പിച്ച സാഹചര്യം നേരിടുന്നതിനായും ഈ ശീർഷകത്തിൽ 1.21 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-05-3 — ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ- ടെലിഫോൺ ചെലവ്

ടെലിഫോൺ ചാർജ് വർദ്ധന, ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നപ്പോൾ ഇന്റർനെറ്റ് കണക്ടിവിറ്റി എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.18 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-06—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - വാടക, കരം, നികുതി

ബോട്ടുകളുടെയും കെട്ടിടങ്ങളുടെയും ലൈസൻസ്/നികുതി നിരക്കിൽ ഉണ്ടായ വർദ്ധനവിനായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-17—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - ചെറുകിട മരാമത്തുപണികൾ

സാധന സാമഗ്രികൾ, കൂലി എന്നിവയിൽ ഉണ്ടായ നിരക്കുവർദ്ധനവിനാൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-21-2—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളും

വകുപ്പിലെ വാഹനങ്ങളുടെ സ്പെയർ പാർട്സ് വില, ലേബർ ചാർജ് എന്നിവയിലുണ്ടായ വർദ്ധനവ് കാരണം ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-99-99—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-മാനേജ്മെന്റ് - വിവര സാങ്കേതിക വിദ്യ

ഇ-ഓഫീസ് സംവിധാനം സബ്ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-02-5—ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ - വേതനം - ദിവസവേതനം

ടൂറിസം ഉൾപ്പെടെയുള്ള അധിക സർവ്വീസുകളുടെ നടത്തിപ്പിന് ദിവസവേതന ജീവനക്കാർക്ക് വേതനം നല്കുന്നതിനായി ഈ ശീർഷകത്തിൽ 89.13 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-34-3—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ - മറ്റു ചെലവുകൾ-മറ്റിനം</u>

സർവ്വീസ് നടത്തിപ്പുമായി ബന്ധപ്പെട്ട് ടിക്കറ്റ് വെന്റിംഗ് മെഷീൻ, പേപ്പർ റോൾ, പോർട്ടർചാർജസ്, മറ്റ് അനുബന്ധ ചെലവുകൾ എന്നിവക്കായി ഈ ശീർഷകത്തിൽ 12 ലക്ഷംരൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-98-45 —<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-ഓപ്പറേഷൻ - പി.ഒ.എൽ.</u>

ബോട്ടുകളുടെ പ്രധാന ഇന്ധനമായ ഡീസലിന് കാലാകാലങ്ങളിൽ ഉണ്ടാകുന്ന വർദ്ധനവ് നിമിത്തം ഈ ശീർഷകത്തിൽ 13 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-12—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും -സ്കോളർഷിപ്പുകളും സ്റ്റൈപ്പെൻഡുകളും</u>

സ്റ്റൈപ്പന്റ് നിരക്ക് വർദ്ധനവ് നിമിത്തം ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-19—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും-അറ്റകുറ്റപ്പണികളും സംരക്ഷണവും - യന്ത്രോപകരണങ്ങൾ</u>

ബോട്ടുകളുടെ സ്പെയർ പാർട്സുകളുടെ വില വർദ്ധനവും ടൂറിസം ഉൾപ്പെടെയുള്ള സർവ്വീസുകൾ വർദ്ധിപ്പിച്ചതും അറ്റകുറ്റപ്പണികളുടെ ഇനത്തിൽ ചെലവ് വർദ്ധിപ്പിച്ചതിനാൽ ഈ ശീർഷകത്തിൽ 32.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-001-97-34-3—<u>ഉൾനാടൻ ജലഗതാഗതം-ഭരണവും നടത്തിപ്പും അറ്റകുറ്റപ്പണികളും സംരക്ഷണവും-മറ്റ് ചെലവുകൾ - മറ്റിനം</u>

ബോട്ടുകളുടെ അറ്റകുറ്റപ്പണി വിഭാഗത്തിൽ അനുബന്ധ ചെലവുകളിൽ ആനുകാലികമായി ഉണ്ടായ വർദ്ധനവ് നിമിത്തം ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-003-99—ഉൾനാടൻ ജലഗതാഗതം-പരിശീലനവും ഗവേഷണവും-ഉൾനാടൻ ജലഗതാഗത വകുപ്പിലെ ജീവനക്കാർക്കുള്ള പരിശീലനം

സ്റ്റാഫുകൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനായി വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3056-00-800-99-34-3—ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ-മറ്റിനം

സർവ്വീസ് നടത്തിപ്പിലെ മറ്റിനങ്ങളിലുള്ള അനുബന്ധ ചെലവുകൾ നൽകുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമായതിനാൽ വോട്ടഡ് ശീർഷകത്തിൽ 35,000 രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**3075 - മറ്റു ഗതാഗത സർവ്വീസുകൾ**

3075-60-001-98-01-4—മറ്റു ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും - മേൽനോട്ടം - ശമ്പളം - മെഡിക്കൽ റീഇംബേഴ്സ്മെന്റ്

മെഡിക്കൽ റീഇംബേഴ്സ്മെന്റ് കുടിശ്ശികയിനത്തിൽ ഈ ശീർഷകത്തിൽ 2.94 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-21-2—മറ്റുഗതാഗതസർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും മേൽനോട്ടം- മോട്ടോർവാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

കോവളം മുതൽ നീലേശ്വരം വരെയുള്ള ജലപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ചെയ്യുന്നതിനാൽ വിവിധ മീറ്റിംഗുകൾക്കും പരിശോധനയ്ക്കുമായി യാത്ര കൂടുതലാകുന്നതും വാഹനത്തിന്റെ കാലപ്പഴക്കം കാരണം അറ്റകുറ്റപ്പണികൾ നടത്തേണ്ടതുള്ളതിനാലും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവും മൂലമുള്ള അധിക ചെലവിനുമായി ഈ ശീർഷകത്തിൽ 36,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-45—മറ്റു ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ- ഭരണവും നടത്തിപ്പും - മേൽനോട്ടം - പി.ഒ.എൽ.

പി.ഒ.എൽ. ചെലവിനായി ഈ ശീർഷകത്തിൽ 47,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-001-98-99—മറ്റു ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും- മേൽനോട്ടം - വിവരസാങ്കേതിക വിദ്യ

കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ കാലോചിതമായി കൈകാര്യം ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 34,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

3075-60-800-97—മറ്റു ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ- മറ്റു ചെലവുകൾ-ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

കോവളം-ബേക്കൽ വെസ്റ്റ് കോസ്റ്റ് കനാലിന്റെ നവീകരണത്തിനും അനുബന്ധ നിർമ്മിതികളുടെ അറ്റകുറ്റപ്പണികൾക്കുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

**5055 - റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്**

5055-00-800-79—റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-മറ്റു ചെലവുകൾ - വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും

കാലപ്പഴക്കം ചെന്ന ബസ്സുകൾ സ്ക്രാപ്പ് ചെയ്ത് പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതിനായി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5055-00-800-74— റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - മറ്റു ചെലവുകൾ ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ അക്കാദമിക് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ

2022-23-ൽ ഒരു അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 10.48 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി ലഭിക്കേണ്ടതിനാൽ പ്രസ്തുത പദ്ധതിക്കായി തുക ചെലവാക്കാൻ സാധിക്കുകയില്ല. ആയതിനാൽ 2023-24 വർഷത്തേയ്ക്ക് ഈ ശീർഷകത്തിൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 5056 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5056-00-104-99—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-നാവിഗേഷൻ-പുതിയ എഞ്ചിനുകൾ വാങ്ങലും പഴയ ബോട്ടുകളുടെ പുതുക്കിപ്പണിയലും

ബോട്ടുകളുടെ മൈനർ റിപ്പയർ വർക്കുകൾ, ഹൗളിംഗ് ചാർജസ് എന്നിവ കൊടുത്തു തീർക്കുന്നതിനായി ഈ ശീർഷകത്തിൽ 12 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5056-00-190-90—ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-പൊതു മേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചി സംയോജിത ജലഗതാഗത പദ്ധതി (എം.ഐ.ഡി.പി.)

വാട്ടർ മെട്രോ പദ്ധതിക്കു വേണ്ടി സംസ്ഥാന സർക്കാർ വിഹിതമായി ലഭിക്കേണ്ട തുകയ്ക്കായി (സിവിൽ ജോലികൾ) ഈ ശീർഷകത്തിൽ 38.77 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

## 5075 - മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്

5075-60-190-96—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ - കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

കൊച്ചി മെട്രോയുടെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള മെട്രോ ലൈൻ നിർമ്മാണ പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭിച്ചാലുടനെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഈ ശീർഷകത്തിൽ 174.9 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-190-92(01)—മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ -പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെഞ്ച്വർ കമ്പനിയിലെ പദ്ധതികൾ-സിൽവർ ലൈൻ പ്രൊജക്ട്

സിൽവർ ലൈൻ പ്രോജക്ടിന്റെ ഭൂമി ഏറ്റെടുക്കലിനുള്ള പ്രാരംഭ നടപടി ക്രമങ്ങൾക്കായി കെ.ആർ.ഡി.സി.എൻ.-ൽ നിന്ന് ചെലവായ തുക റീഇംബേഴ്സ് ചെയ്യുന്നതിന് ഈ ശീർഷകത്തിൽ 5.15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-94—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ- മറ്റു ചെലവുകൾ-ഉൾനാടൻ ജലഗതാഗതം(സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും</u>

ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക ആവശ്യമായിട്ടുള്ളതെന്നും ലാന്റ് അക്വിസിഷനുവേണ്ടി എത്ര തുക വേണ്ടിവരുമെന്നും സമിതി ആരാഞ്ഞു. ലാന്റ് അക്വിസിഷനുവേണ്ടി പ്രത്യേകം ഫണ്ട് ഉണ്ടെന്നും ബോട്ടുജെട്ടികൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാണ് പ്രധാനമായും തുക ആവശ്യപ്പെട്ടിട്ടുള്ളതെന്നും 2023-ൽ വെസ്റ്റ് കോസ്റ്റ് കനാൽ കൊല്ലം ജില്ല വരെയെങ്കിലും പ്രവർത്തന ക്ഷമമാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രത്യേകം പറഞ്ഞിട്ടുണ്ടെന്നും ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് & കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയർ സമിതിയിൽ ബോധിപ്പിച്ചു. സ്ഥലമെടുപ്പിനായി പ്രത്യേക ഫണ്ട് നീക്കിവച്ചിട്ടുണ്ടെങ്കിൽ വീണ്ടും അധിക തുക ആവശ്യപ്പെടുന്നതെന്തിനാണെന്ന സമിതിയുടെ ചോദ്യത്തിന് പാലങ്ങൾക്കായി ചിലപ്പോൾ വളരെ കുറഞ്ഞ അളവിൽ സ്ഥലം ഏറ്റെടുക്കേണ്ടതായി വരുമെന്നും അത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കാനാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് & കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയർ ഉത്തരം നൽകി. തുക ആവശ്യപ്പെടുന്നതിനുള്ള കാരണം കാണിക്കുന്നതിൽ അവ്യക്തതയുണ്ടെന്നും അതിൽ പാലങ്ങളുടെ നിർമാണത്തിനും സ്ഥലമെടുപ്പിനുമാണ് ഊന്നൽ നല്കുന്നതെന്നും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനു വേണ്ടിയാണ് പ്രധാനമായും തുക ചെലവഴിക്കുന്നതെങ്കിൽ അക്കാര്യം പറയേണ്ടതല്ലേയെന്നും സമിതി സൂചിപ്പിച്ചു. കോവളം മുതൽ ബേക്കൽ വരെയുള്ള ബോട്ടുജെട്ടികളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അവയുടെ ഡ്രാഫ്റ്റ് തയ്യാറാക്കുന്നതിനും പ്രസ്തുത തുക ആവശ്യമാണെന്ന് ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ് & കുട്ടനാട് പാക്കേജ്, ചീഫ് എഞ്ചിനീയർ അറിയിച്ചു. അധിക തുക ആവശ്യപ്പെടുന്നതിനുള്ള കാരണത്തിൽ പ്രസ്തുത കാര്യവും ഉൾക്കൊള്ളിക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും 2024 ഡിസംബറിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പശ്ചിമതീര കനാലിലെ വിവിധ പ്രവൃത്തികൾ, പാലങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 40 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

5075-60-800-83(01)—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-മറ്റു ചെലവുകൾ-കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി (എം.ഐ.ഡി.പി.)- സംസ്ഥാനനികുതി തിരികെ നൽകൽ.</u>

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന്റെ ഘട്ടം 1 ബി-യുടെ നികുതി തിരിച്ചടവ്, കേന്ദ്ര സർക്കാരിന്റെ അനുമതിക്കനുസൃതമായി ഘട്ടം 2- ന്റെ സംസ്ഥാന നികുതി, കേന്ദ്ര നികുതി തിരിച്ചടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 131.14 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83(03)—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ-മറ്റു ചെലവുകൾ-കൊച്ചിനഗരത്തിലെ മെട്രോ റെയിൽ പദ്ധതി- വായ്പാ പലിശ തിരിച്ചടവ്</u>

വായ്പാ തിരിച്ചടവ്, പലിശ അടവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 493.15 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83(04)—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ– മറ്റു ചെലവുകൾ-കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി - പ്രാവർത്തിക ധനനഷ്ടം.</u>

കൊച്ചി മെട്രോയുടെ പ്രവർത്തന നഷ്ടം നികത്തുന്നതിനായി ഈ ശീർഷകത്തിൽ 34.74 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-83(05)—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ– മറ്റു ചെലവുകൾ-കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി- സജ്ജീകരണ പ്രവൃത്തികൾ</u>

ലൈറ്റ് മെട്രോ പദ്ധതിയുടെ DPR, CMP, AAR എന്നിവ തയ്യാറാക്കുന്നതിനായും മറ്റ് പ്രാരംഭ പ്രവർത്തനങ്ങൾക്കായും ആലുവ മുതൽ അങ്കമാലി വരെയുള്ള കൊച്ചി മെട്രോ റെയിലിന്റെ ഘട്ടം 3-ന്റെ മുന്നൊരുക്ക പ്രവൃത്തികൾക്കായും കൊച്ചി മെട്രോയുടെ CAPEX നായി ബഹുനില കാർപാർക്കിങ്ങിനായും, കാക്കനാട് PWD ക്വാർട്ടേഴ്സ് പണിത് നൽകുന്നതിനായും ഈ ശീർഷകത്തിൽ 237 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

5075-60-800-66—<u>മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ– മറ്റു ചെലവുകൾ-കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ-ജോയിന്റ് വെഞ്ച്വർ കമ്പനിയിലെ പദ്ധതികൾ</u>

തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചൻഗുഡ് എന്നീ റെയിൽ പദ്ധതികൾക്കായി സർവ്വേ നടപടികളും വിശദ റിപ്പോർട്ടും തയ്യാറാക്കുന്നതിനും പൂർത്തീകരിക്കുന്നതിനുമായും സാധ്യത പഠന റിപ്പോർട്ട് തയ്യാറാക്കിയ വകയിലും, സർവ്വേ നടപടിക്രമങ്ങൾ, മറ്റു ഏകോപന പ്രവർത്തനങ്ങൾ എന്നിവ നടത്തിയ വകയിലും ചെലവായ തുക റീഇമ്പേഴ്സ് ചെയ്യുന്നതിനായി 20 കോടി രൂപയും, അങ്കമാലി- എരുമേലി-ശബരി റെയിൽ-ന്റെ കേരള സർക്കാർ വിഹിതമായ 350 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 370 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 7055 - റോഡ് ഗതാഗതത്തിനുള്ള വായ്പകൾ

7055-00-190-99—റോഡ് ഗതാഗതത്തിനുള്ള വായ്പകൾ-പൊതുമേഖലക്കും മറ്റ സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവും കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷനും നൽകുന്നതിനായി ഈ ശീർഷകത്തിൽ 588 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

### 7056- ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ

7056-00-190-98—ഉൾനാടൻ ജലഗതാഗതത്തിനുള്ള വായ്പകൾ-പൊതുമേഖലക്കും മറ്റ സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-സംയോജിത ജലഗതാഗത പദ്ധതി നടത്തിപ്പിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനുള്ള വായ്പ.

2023-24 സാമ്പത്തിക വർഷത്തിൽ വാട്ടർ മെട്രോ പദ്ധതിയ്ക്കുവേണ്ടി KfW -ൽ നിന്നും റീഇംബേഴ്സ്മെന്റായി back to back basis-ൽ കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാന സർക്കാർ മുഖേന കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് നൽകുന്നതിനായി ഈ ശീർഷകത്തിൽ 228.11 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

രാവിലെ 11.30-ന് യോഗം അവസാനിച്ചു.

## 22-2-2023-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2023 ഫെബ്രുവരി മാസം 22-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭ സമുച്ചയത്തിലെ '5-എ' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാൻ ബഹു. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് വീഡിയോ കോൺഫറൻസിംഗ് മുഖേന അദ്ധ്യക്ഷത വഹിച്ചു.

സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു. തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി ശ്രീ. അഹമ്മദ് ദേവർകോവിൽ വീഡിയോ കോൺഫറൻസിംഗ് മുഖേനയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു, നേരിട്ടും യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ

1) ശ്രീ. കെ. പ്രേംകുമാർ, എം.എൽ.എ.

2) ശ്രീമതി ഉമ തോമസ്, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം</u>

ശ്രീ. പ്രമോദ് നാരായൺ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1) ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

2) ശ്രീമതി രജനി  വി. ആർ., ജോയിന്റ് സെക്രട്ടറി

3) ശ്രീമതി ഷീബ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി.

സമിതി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും  അംഗീകരിക്കുകയും ചെയ്തു.

രാവിലെ 11.30-ന് യോഗം അവസാനിച്ചു.

***********